# eBook

Malayalam Bible Class

# റോമാ ലേഖനം

7



Pr.Valson Samuel

*more details*

*Pastor.Benny*
*Thodupuzha*
*MOb: 9447 82 83 83*

*Pastor.Rajan Victor*
*Trivandrum*
*MOb:9495 333 978*

***Editing & Publishing***

Amen TV Network
Trivandrum,Kerala
Mob : 999 59 75 980 - 755 99 75 980
Youtube : amentvnetwork
website : www.amentvnetwork .com

എന്റെ ആത്മീയ ജീവിത യാത്രയിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് സത്യ വചനത്തിൽ നിന്ന് വെളിപ്പെടുത്തിയിരിക്കുന്ന ആത്മീയ സന്ദേശങ്ങൾ അറിയിക്കുവാനായിട്ടാണ് ഈ വചന പഠന സന്ദേശം തയ്യാറാക്കിയിരിക്കുന്നത്. സത്യവചനം ദുർലഭമായിരിക്കുന്ന ഒരു കാലയിളവിൽ ആണ് നാം ജീവിക്കുന്നത് .ഈ കാലയളവിൽ യഥാർത്ഥമായിട്ട് സത്യവചനത്തിൻറെ സാക്ഷികളായിട്ട് ഒരു കൂട്ടം ദൈവസഭയിൽ വാർത്തെടുക്കപ്പെടേണ്ടതായിട്ടുണ്ട്. സത്യവചനത്താൽ ക്രിസ്തുയേശുവിന്റെ യഥാർത്ഥ ശിഷ്യന്മാരായിട്ട് വചനത്തെ പ്രമാണിക്കുന്നവരും വചനത്തെ കാത്തുസൂക്ഷിക്കുന്നവരും ആയിട്ടുള്ള ദൈവത്തിൻറെ ദാസന്മാർ ഈ നാളുകളിൽ ആത്മാവിന്റെ നിറവോടും ശക്തിയോടും കൂടി എഴുന്നേൽക്കേണ്ടതായിട്ടുണ്ട് .ദൈവവചനത്തിൽ കൂട്ട് ചേർക്കാതെ നിർമ്മലതയോടും ദൈവകല്പനയാലും ദൈവസന്നിധിയിൽ ക്രിസ്തുയേശുവിൽ ദൈവവചനം സംസാരിക്കുന്നതായിട്ടുള്ള ദൂത് വാഹികൾ പൂർവ്വകാലങ്ങളിൽ അപ്പോസ്തലന്മാർ ദൈവരാജ്യം പൂർണ പ്രാഗത്ഭ്യത്തോടുകൂടെ പ്രസംഗിച്ചു .അവർ യേശുക്രിസ്തുവിനെ കുറിച്ചുള്ള സുവിശേഷം സത്യമായിട്ട് ഉപദേശിച്ചു .സത്യവചനം യാഥാർഥമായിട്ടു പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരായിട്ട് ക്രിസ്തുവിന്റെ വലിയ ദൗത്യം അവർ വിശ്വസ്ഥതയോടെ നിവർത്തിച്ചു .വചനം അറിയിക്കുമ്പോൾ അത് കേവലം മനുഷ്യന്റെ വചനം ആയിട്ടല്ല വചനം കേൾക്കുന്നവർ കേവലം മനുഷ്യൻറെ വചനമായിട്ടല്ല സാക്ഷാൽ ദൈവവചനമായിട്ട് തന്നെ വചനം അറിയിപ്പാനും ദൈവവചനമായിട്ട് തന്നെ കേൾക്കുവാനും ദൈവത്തിന്റെ സഭയിൽ അപ്രകാരം ഒരു ശുശ്രൂഷ ഈ നാളുകളിൽ എഴുന്നേൽക്കേണ്ടതായിട്ടുണ്ട് .തന്നിൽ വിശ്വസിച്ച യഹൂദന്മാരോട് യേശു കർത്താവ് ഇപ്രകാരം അറിയിക്കുന്നു ,നിങ്ങൾ എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും .സത്യവചനത്താൽ സ്വാതന്ത്ര്യം പ്രാപിച്ച ഒരു കൂട്ടം സത്യ വചനത്തിന്റെ സ്വാതന്ത്ര്യത്തിന്റെ സന്ദേശം അറിയിക്കുന്ന ഒരു കൂട്ടം ഈനാളുകളിൽ ദൈവത്തിന്റെ വചനത്തിനു സാക്ഷികളായിട്ട് നിക്കേണ്ടതായിട്ടുണ്ട് .വചന സത്യം ആത്മാവിൽ ഗ്രഹിക്കണം .വചന സത്യം ആത്മാവിൽ അറിയിക്കണം ഗ്രഹിക്കുന്നതായിട്ടുള്ള വചനം ഗുണമുള്ള നല്ല ഹൃദയത്തിൽ സംഗ്രഹിച്ചു ക്ഷമയോടെ കാത്തിരുന്ന് നല്ല ഫലം കായ്ക്കേണ്ടതായിട്ടുണ്ട് .ആയതുപോലെ ദൈവത്തിന്റെ സഭ ദൈവവചനത്താൽ പണിയപ്പെടണം സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ ആലയമായ ദൈവത്തിന്റെ സഭ അതിന്റെ ദൗത്യം ഈ നാളുകളിൽ ഏറ്റെടുത്തു ചെയ്യേണ്ടതായിട്ടുണ്ട് . കർത്താവിന്റെ വരവ് ആസന്നമായി .കർത്താവിന്റെ വരവിന് ഒരു കൂട്ടം ഒരുക്കപ്പെടേണ്ടതായിട്ടുണ്ട് ആ വചന സത്യങ്ങൾ ഗ്രഹിച്ചു കൊണ്ട് നാളുകളിൽ സത്യത്തിന്റെ സാക്ഷികളായി കർത്താവിന്റെ വരവിന് വേണ്ടി ഒരുക്കപ്പെടുവാനായിട്ട് മേൽപ്പറഞ്ഞ യാഥാർഥ്യങ്ങൾ അറിയിക്കുവാനായിട്ട് ഈ വചനപഠന സന്ദേശം പ്രത്യേകമായി തയ്യാറാക്കിയിരിക്കുന്നു .ഈ പുസ്തകം നിങ്ങൾക്ക് പ്രയോജനപ്പെടട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു

വിശ്വസ്തതയോടെ

പാസ്റ്റർ .വൽസൻ സാമുവേൽ

റോമാലേഖനം എട്ടാമത്തെ അദ്ധ്യായം അതിന്റെ പതിനെട്ടാമത്തെ വാക്യം വായിക്കുക.നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്ന് ഞാൻ എണ്ണുന്നു.അതിന്റെ പതിനേഴാം വാക്യത്തിന്റെ അവസാന ഭാഗം വായിക്കുമ്പോൾ നാം അവനോടുകൂടെ തേജസ്സ്ക്കരിക്കപ്പെടേണ്ടതിന് അവനോടുകൂടെ കഷ്ടം അനുഭവിച്ചാലത്രേ.റോമാലേഖനം എട്ടാമത്തെ അദ്ധ്യായം പതിനെട്ടാമത്തെ വാക്യം നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്ന് ഞാൻ എണ്ണുന്നു.അപ്പോൾ വിശ്വാസത്താലുള്ള നീതീകരണത്തിന് ശേഷം. റോമാലേഖനം അഞ്ചാമത്തെ അദ്ധ്യായം ഒന്നാമത്തെ വാക്യത്തിൽ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്.റോമർ അഞ്ചാം അദ്ധ്യായം രണ്ടാമത്തെ വാക്യം നാം നിൽക്കുന്ന ഈ കൃപയിലേക്ക് നമുക്ക് അവൻ മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു.യാത്ര തുടങ്ങുന്നു.ആ യാത്ര തുടങ്ങുമ്പോൾ തന്നെ അൽപ്പമായിട്ട് ദൈവതേജസ്സിന്റെ പ്രത്യാശ നമ്മുടെ ഉള്ളിൽ നമുക്ക് ലഭിക്കേണ്ടതായിട്ടുണ്ട്.ആ പ്രത്യാശ ഇല്ലാതെ ഒരാൾ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു എന്ന് പറയുമ്പോൾ നമുക്ക് അങ്ങനെയൊരു നിത്യ പ്രത്യാശ,ഒരു മഹത്വ പ്രത്യാശ നമ്മുടെ ഉള്ളിൽ ലഭിക്കുന്നില്ല എങ്കിൽ ഈ ആയുസ്സിലെ പ്രത്യാശ ലോകം ആയിരിക്കും . ലോകത്തിലും ഒരു പ്രതാപം ഉണ്ട് നാം അത് മുൻപിൽ കണ്ട് കൊണ്ടായിരിക്കും ജീവിക്കുന്നത്.അങ്ങനെയുള്ള ജീവിതങ്ങൾ ധാരാളം ദൈവസഭയിൽ ഉണ്ട്.അതുകൊണ്ടാണ് ഞാനത് എടുത്ത് പറയുന്നത്.അപ്പോൾ ആ പ്രത്യാശ നമ്മിൽ വർധിച്ച് വരുന്നില്ല എങ്കിൽ നമുക്ക് അതിന് അനുസാരണമായിട്ട് ഒരു ജീവിതം നയിക്കുവാനായിട്ട് സാധ്യമല്ല. ദൈവതേജസ്സിന്റെ പ്രത്യാശയുടെ വെളിപ്പാട് നമുക്ക് ലഭിക്കുന്നില്ല എങ്കിൽ അതിന് അനുസാരണമായിട്ട് ഉള്ള ഒരു ജീവിതം നയിക്കുവാനായിട്ട് സാധ്യമല്ല.ഒന്ന് കൊരിന്ത്യർ പതിനഞ്ചാമത്തെ അദ്ധ്യായത്തിൽ അതിന്റെ പത്തൊമ്പതാമത്തെ വാക്യം നാം വായിക്കുമ്പോൾ നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാർ അത്രേ.എങ്കിലും ദൈവകൃപയാൽ എല്ലാവർക്കും വേണ്ടി മരണം ആസ്വദിപ്പാൻ ദൂതന്മാരിലും അൽപ്പം ഒരു താഴ്ച്ച വന്നവനായ യേശു മരണം അനുഭവിച്ചതുകൊണ്ട് അവനെ മഹത്ത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു.സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനുമായവൻ അനേകം പുത്രന്മാരെ തേജസ്സിലേക്ക് നടത്തുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നത് യുക്തം ആയിരുന്നു. അവിടെ സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനുമായവൻ,പിതാവായ ദൈവം അനേകം പുത്രന്മാരെ തേജസ്സിലേക്ക് നടത്തുമ്പോൾ അവരുടെ രക്ഷാനായകനെ യേശുകർത്താവ് കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നത് യുക്തം ആയിരുന്നു.അവിടെയും കഷ്ടാനുഭവങ്ങൾ നമ്മൾ വായിക്കുന്നു.എബ്രായർ ലേഖനം രണ്ടാമത്തെ അദ്ധ്യായം പതിനെട്ടാം വാക്യം താൻ തന്നെ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്ക് സഹായിപ്പാൻ കഴിവുള്ളവനാകുന്നു. കൂടാതെ പുത്രനെങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായി തീർന്നു.ഒന്ന് പത്രോസ് ഒന്നാം അദ്ധ്യായം പതിനൊന്നാമത്തെ വാക്യത്തിൽ അവരിലുള്ള ക്രിസ്തുവിൻ ആത്മാവ് ക്രിസ്തുവിന് വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും മുൻപിൽകൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങനെയുള്ളതോ എന്ന് പ്രവാചകന്മാർ ആരാഞ്ഞുനോക്കി.

അവരിലുള്ള ക്രിസ്തുവിൻ ആത്മാവ് ക്രിസ്തുവിന് വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും.കഷ്ടങ്ങളും പിൻവരുന്ന മഹിമയും.ഒന്ന് പത്രോസ് നാലാം അദ്ധ്യായം പന്ത്രണ്ട് പതിമൂന്ന് വാക്യങ്ങൾ പ്രിയമുള്ളവരേ, നിങ്ങൾക്ക് പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വ കാര്യം നിങ്ങൾക്ക് വന്ന് കൂടി എന്നുവെച്ച് അതിശയിച്ച് പോകരുത്.ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവർ ആകുന്തോറും സന്തോഷിച്ച് കൊൾവിൻ.അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ച് ആനന്ദിപ്പാൻ ഇടവരും.അവിടെയും ആ തത്വം നമ്മൾ കാണുന്നു. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവർ ആകുന്തോറും സന്തോഷിച്ച് കൊൾവിൻ.അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ച് ആനന്ദിപ്പാൻ ഇടവരും.അവിടെ പതിനാലാമത്തെ വാക്യം വായിക്കുമ്പോൾ ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവ് നിങ്ങളുടെ മേൽ ആവസിക്കുന്നുവല്ലോ.എബ്രായർ ലേഖനം രണ്ടാമത്തെ അദ്ധ്യായത്തിൽ നമ്മുടെ അരുമനാഥൻ മരണം ആസ്വദിച്ചത്,ക്രൂശ് ആസ്വദിച്ചത് അതിന്റെ പ്രധാനപ്പെട്ട കാരണം എബ്രായർ ലേഖനം രണ്ടാമത്തെ അദ്ധ്യായം ഒൻപത് പത്ത് വാക്യങ്ങൾ വായിക്കുക പരിശുദ്ധാത്മാവിന് വിവിധ നാമങ്ങൾ ദൈവവചനത്തിൽ ഉണ്ട്.റോമാലേഖനം ഒന്നാമത്തെ അദ്ധ്യായത്തിൽ അവിടെ നമ്മൾ വായിച്ചപ്പോൾ വിശുദ്ധിയുടെ ആത്മാവ് എന്ന് നാം കാണുന്നു.വിശുദ്ധിയിലേക്ക് നമ്മെ കൊണ്ട് വരുന്ന ആത്മാവ്.ഇവിടെ മഹത്വത്തിന്റെ ആത്മാവ്.ആത്മാവിന്റെ ആ വിവിധമായിട്ടുള്ള പ്രവർത്തികൾ കൂടെ നമ്മൾ അനുഭവിച്ച് അറിയേണ്ടതായിട്ടുണ്ട്.അത് അനുഭവങ്ങളിലൂടെ നമുക്ക് കിട്ടണം.യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം മൂന്നാമത്തെ അദ്ധ്യായം ഒന്ന് മുതൽ മൂന്ന് വരെയുള്ള വാക്യങ്ങൾ വായിക്കുക കാൺമിൻ, നാം ദൈവമക്കൾ എന്ന് വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു അങ്ങനെ തന്നെ നാം ആകുന്നു ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ട് നമ്മെയും അറിയുന്നില്ല. പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു.നാം ഇന്നത് ആകും എന്ന് ഇതുവരെ പ്രത്യക്ഷമായില്ല അവൻ പ്രത്യക്ഷൻ ആകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നെ കാണുന്നതാകകൊണ്ട് അവനോട് സദൃശ്യന്മാർ ആകും എന്ന് നാം അറിയുന്നു.അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമലൻ ആയിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമലീകരിക്കുന്നു.അപ്പോൾ പ്രത്യാശ.നമ്മുടെ പ്രത്യാശയെന്ന വിഷയത്തെ നാം ചിന്തിച്ചപ്പോൾ നമ്മുടെ പ്രത്യാശ ദൈവവചന അടിസ്ഥാനത്തിൽ ആയിരിക്കണം.അപ്പോൾ ദൈവവചനം നമുക്ക് ലഭിക്കുന്നില്ല എങ്കിൽ ഈ ആയുസ്സിലെ പ്രത്യാശ ആയിരിക്കും, ലോകത്തിന്റെ പ്രത്യാശ ആയിരിക്കും ജീവനുള്ള പ്രത്യാശയിലേക്ക് നമുക്ക് വരുവാൻ കഴികയില്ല.അപ്പോൾ വചനത്തിലൂടെ ആണ് ഈ പ്രത്യാശയിലേക്ക് വരുന്നത്.ഇപ്പോൾ ഞാൻ ഈ വായിച്ച ഭാഗങ്ങൾ എല്ലാം നിങ്ങൾ വീണ്ടും വീണ്ടും പോയി ധ്യാനിക്കണം.എന്നിട്ട് അതിന്റെ ഒരു യാഥാർത്ഥ്യത്തിലേക്ക് വരണം.നമുക്ക് ലോകത്തിൽ നമ്മുടെ മുൻപിൽ ഒരു പ്രത്യാശ,ഒരു വിഷയം ഉണ്ടെന്ന് വിചാരിച്ചോ അത് വളരെ മനോഹരമാണ്.എന്നാൽ അതിന് വേണ്ടി അടുത്ത ആറ് മാസം എടുക്കും.ഓരോ ദിവസവും നാം അതിൽ എത്തിച്ചേരുവാനായിട്ടുള്ള പ്രത്യാശയിൽ ആയിരിക്കും ജീവിക്കുന്നത്.ഇപ്പോൾ നമ്മൾ ഒരു മനോഹരമായിട്ടുള്ള വീട് തന്നെ ഉണ്ടാക്കുകയാണെങ്കിൽ അതിന്റെ പണി നമ്മൾ വിട്ട് മാറാതെ ആ പണിയെല്ലാം അതിന്റെ നിലവാരത്തിൽ ആണോ?

ദിനം തോറും ആ പ്രത്യാശ നമ്മൾ മുൻപിൽ കണ്ട് കൊണ്ട് ആ വീട് നമ്മൾ കാണുന്നുണ്ട് കണ്ണ് കൊണ്ട് കാണുമ്പോൾ അത് എങ്ങനെയായിരിക്കും എന്ന മനസ്സിലെ ചിന്തയിലൂടെ നമ്മൾ പോകും. അതിനകത്ത് കയറിയാൽ എങ്ങനെയാണ് ജീവിക്കുന്നത്? അതിനകത്തെ ഉപകരണങ്ങൾ എങ്ങനെയായിരിക്കും? ഞാൻ ലോകത്തിൽ പ്രകാരം ഒരു ഉദാഹരണമാണ് പറയുന്നത്.അങ്ങനെയുള്ള പലരെയും എനിക്ക് അറിയാം.അവരുടെ സമയവും ജീവിതവും മുഴുവൻ അതിൽ കേന്ദ്രീകരിച്ച് ആയിരിക്കും.രാവും പകലും അവർ ഉണ്ണുന്നതും ഉറങ്ങുന്നതും എല്ലാം ഇത് മുൻപിൽ കണ്ട് കൊണ്ടാണ്.കാരണം അത് പ്രത്യക്ഷമായിട്ട് മനസ്സിലാക്കുവാനുള്ള ബുദ്ധിയാണ് നമുക്ക് നൽകിയിരിക്കുന്നത്.ലോകത്തിന്റെ ഒരു ബുദ്ധി നമുക്ക് ഉണ്ട്.എന്നാൽ നമ്മുടെ ആത്മീയ ബുദ്ധി തുറക്കണം.നമ്മുടെ ഹൃദയദൃഷ്ടികൾ പ്രകാശിച്ചിട്ട് മഹത്വപ്രത്യാശ നമ്മൾ കാണുവാനായിട്ട് തുടങ്ങണം. അങ്ങനെ അൽപ്പമായിട്ട് ആ ദർശനം വരുമ്പോൾ ആണ് അവൻ നിർമലൻ ആയിരിക്കുന്നതുപോലെ നമ്മളെ തന്നെ നാം നിർമലീകരിക്കേണ്ടത്.അവകാശം എന്താണെന്നുള്ളത് അതായത് ഒന്ന് പത്രോസ് ഒന്നാം അദ്ധ്യായം നാലും അഞ്ചും വാക്യങ്ങൾ ദൈവശക്തിയിൽ കാക്കപ്പെടുന്ന നമുക്ക് വേണ്ടി ഒരുക്കിയിരിക്കുന്നത് കറ,ചുളുക്കം, വാട്ടം, മാലിന്യം എന്നിവ ഇല്ലാത്തതായിട്ടുള്ള ഒരു അവകാശത്തിനാണ് നമ്മളെ വീണ്ടും ജനിപ്പിച്ചിരിക്കുന്നത്.അപ്പോൾ അത് നമുക്ക് കാണുവാനായിട്ട് അൽപ്പമായിട്ട് കണ്ണുകൾ തുറക്കണം. അവിടെയാണ് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മളിൽ വസിക്കുന്ന ഒരു യാഥാർഥ്യത്തിലേക്ക് നാം വരേണ്ടത്.അവിടെ മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മളിൽ വസിക്കുന്നത്.പലർക്കും ഈ ലോകത്തിലെ അപ്പം കൊടുക്കുന്നതും രോഗസൗഖ്യത്തെ കൊടുക്കുന്നതുമായ ക്രിസ്തുവിനെ മാത്രമേ അറികയുള്ളൂ.അതൊക്കെ വളരെ താണ നിലവാരത്തിൽ ഉള്ള,ജഡപ്രകാരം ഉള്ള ഒരു അവസ്ഥയാണ്.അവർ കാണുന്നതും ജഡപ്രകാരം ഉള്ള ഒരു ക്രിസ്തുവിനെയാണ്.എന്നാൽ അടുത്ത നിലവാരങ്ങൾ നമ്മൾ കാണണം. ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ. അവിടെയാണ് ഗലാത്യർ അഞ്ചാം അദ്ധ്യായം ഇരുപത്തിനാലാം വാക്യത്തിൽ പറയുന്നതുപോലെ നമ്മുടെ ജഡത്തെ അതിന്റെ രാഗമോഹങ്ങളോട് കൂടെ ക്രൂശിക്കരിക്കുവാൻ ആയിട്ടുള്ള ആത്മപ്രേരണ നമുക്ക് കിട്ടുന്നത്, ആ പ്രകാശനം നമുക്ക് കിട്ടുന്നത്.യോഹന്നാൻ ഇരുപതാം അദ്ധ്യായം ഇരുപത്തി രണ്ടാം വാക്യത്തിൽ ഉയർത്തെഴുന്നേറ്റവനായ യേശുകർത്താവ് അവരുടെ മേൽ ഊതി പരിശുദ്ധാൻമാവിനെ കൈകൊൾവീൻ.പിന്നെ (പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു).അപ്പോൾ അതിന്റെ യാഥാർഥ്യത്തിലേക്ക് വരുമ്പോൾ ആണ് നമുക്കും ആ ജീവിതത്തിലേക്ക് പ്രവേശിക്കണം എന്നുള്ള ആഗ്രഹം ഉണ്ടാകുന്നത്. ആയതുപോലെ മഹത്വത്തിലേക്ക് പ്രവേശിച്ചവനായ യേശുകർത്താവ് നമ്മുടെ മഹാപുരോഹിതൻ,ആ മഹാപുരോഹിതനെ നമ്മൾ അൽപ്പമായി കാണുവാൻ തുടങ്ങുമ്പോൾ ആണ് - അതിനുള്ള സുവിശേഷം നമുക്ക് കിട്ടണം അതായത് തേജസ്സുള്ള സുവിശേഷം.രണ്ട് കൊരിന്ത്യർ നാലാമത്തെ അദ്ധ്യായം നാലാമത്തെ വാക്യം ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കി വെച്ചിരിക്കുന്നത്. അതുകൊണ്ടാണ് നമ്മൾ ഇപ്പോഴും ആ നിലവാരത്തിൽ അത് കാണുവാനായിട്ട്,ലോകമാണ് എപ്പോഴും നമ്മൾ കാണുന്നതെങ്കിൽ, ലോകമാണ് ചിന്തിക്കുന്നതെങ്കിൽ,ലോകമാണ് തിന്നുന്നതെങ്കിൽ ഒരുകാലത്തും ഈ തേജസ്സിന്റെ മേഖല നമുക്ക് കാണുവാനായിട്ട് കഴികയില്ല.

അത് കാണുവാൻ കഴിയുന്നില്ല എങ്കിൽ അതിനനുസാരണം ആയിട്ടുള്ള ഒരു ജീവിതം സാധ്യമല്ല.നമ്മൾ ചിലതൊക്കെ നീക്കിക്കളയുന്നതിന്റെ കാരണം നമുക്ക് അറിയാം ഈ പ്രത്യാശ എനിക്ക് പ്രാപിച്ച് എടുക്കണം.അതിനുവേണ്ടി ആണ് അപ്പോസ്തലൻ മുൻപിലേക്ക് ഓടുന്നത്.ഫിലിപ്പ്യർ മൂന്നാം അദ്ധ്യായം പതിനാലാം വാക്യത്തിൽ ഒന്ന് ഞാൻ ചെയ്യുന്നു പിൻപിലുള്ളതിനെ മറന്ന് മുൻപിലുള്ളതിനെ ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു.അപ്പോൾ നമ്മൾ മുൻപിലേക്കുള്ളത് നോക്കണം.സൈഡ് ഒന്നും നോക്കുന്നില്ല അല്ലെങ്കിൽ അവിടെ എന്താണ് നടക്കുന്നത് ഇവിടെ എന്താണ് നടക്കുന്നത് അതൊന്നുമല്ല അപ്പോസ്തലന്റെ ലക്ഷ്യം വചനത്തിലൂടെ തന്റെ മുൻപിൽ ഉള്ള ലക്ഷ്യം കാണുകയാണ്.തന്റെ വിളി എന്താണ്? തന്റെ തിരഞ്ഞെടുപ്പ് എന്താണ്? തന്നെ എവിടെ കൊണ്ട് എത്തിക്കുന്നു? അനേകം പുത്രന്മാരെ പരിശുദ്ധനായ ദൈവം തേജസ്സിലേക്ക് നടത്തുന്ന ആ യാത്രയിൽ താനും പോകുന്നു എന്നുള്ള ആ ഒരു യാഥാർഥ്യം അവിടെയാണ് സകലതും ചവറെന്ന് എണ്ണുന്നത്.അങ്ങനെയുള്ള ഒരു ലോകത്തിന് വേണ്ടിയല്ല അപ്പോസ്തലന്മാർ ജീവിക്കുന്നത്.അവർ നിത്യമായിട്ടുള്ള ഒന്നിന് വേണ്ടി അത് പ്രാപിപ്പാൻ തക്കവണ്ണം ഓടുന്നു.നമ്മൾ ഓടുകയാണെങ്കിൽ പ്രാപിപ്പാൻ തക്കവണ്ണം ഓടണം.ഒന്ന് കൊരിന്ത്യർ ഒൻപതാമത്തെ അദ്ധ്യായത്തിൽ അപ്പോസ്തലൻ അത് നമ്മെ അറിയിക്കുന്നു.ഒന്ന് കൊരിന്ത്യർ ഒൻപതാമത്തെ അദ്ധ്യായം ഇരുപത്തി ഏഴാമത്തെ വാക്യം മറ്റുള്ളവരോട് പ്രസംഗിച്ച ശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത്.അപ്പോൾ എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുക എന്നൊക്കെ പറയുന്നത് ആ ലക്ഷ്യം തന്റെ മുൻപിൽ ഉള്ളതുകൊണ്ടാണ്.അതിന് എതിരായിട്ട് ജഡം ഉയരുകയാണെങ്കിൽ അതിനെ അടിച്ച് അമർത്തുന്നു.കാരണം അത്ര ഉന്നതമായിട്ടുള്ള വിളിയാണ് താൻ മുൻപിൽ കാണുന്നത്.റോമർ എട്ടാമത്തെ അദ്ധ്യായത്തിൽ ആത്മാവിനെ അനുസരിച്ച് നടക്കുമ്പോൾ ആണ് നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് ആത്മാവ് നമുക്ക് വെളിപ്പെടുത്തി തരുന്നത്.അവിടെയാണ് ഈ ലോകത്തിലെ കഷ്ടം ലഘുവായിട്ട് കാണുന്നത്.രണ്ട് കൊരിന്ത്യർ നാലാമത്തെ അദ്ധ്യായം പതിനേഴും പതിനെട്ടും വാക്യങ്ങൾ.നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യ ഘനം ഞങ്ങൾക്ക് കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെയല്ല കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കികൊണ്ടിരിക്കുന്നു കാണുന്നത് താൽക്കാലികം കാണാത്തതോ നിത്യം.അപ്പോൾ ഇവിടെ നോക്കിക്കൊള്ളണം കാണുന്നതിനെയല്ല കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കികൊണ്ടിരിക്കുന്നു.രണ്ട് കൊരിന്ത്യർ മൂന്നിന്റെ പതിനെട്ടാം വാക്യത്തിൽ മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസ്സിനെ കണ്ണാടി പോലെ പ്രതിബിംബിക്കുന്നു അത് നോക്കി ഇരിക്കുകയാണ്.അല്ലേ? എബ്രായർ പന്ത്രണ്ടാം അദ്ധ്യായം രണ്ടാം വാക്യത്തിൽ വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക.എബ്രായർ മൂന്നാം അദ്ധ്യായം ഒന്നാം വാക്യത്തിൽ ഇങ്ങനെ കാണുന്നുഅതുകൊണ്ട് വിശുദ്ധ സഹോദരന്മാരെ, സ്വർഗീയവിളിക്ക് ഓഹരിക്കാരായുള്ളോരേ, നാം സ്വീകരിച്ച് പറയുന്ന അപ്പോസ്തലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ച് നോക്കുക.ആ ജീവിത്തിന് ഒറ്റ ലക്ഷ്യം സങ്കീർത്തനങ്ങൾ ഇരുപത്തിയേഴാം അദ്ധ്യായംനാലാം വാക്യത്തിൽ പറയുന്നു ഞാൻ യഹോവയോട് ഒരു കാര്യം അപേക്ഷിച്ചു അത് തന്നെ ഞാൻ ആഗ്രഹിക്കുന്നു യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും അവന്റെ ആലയത്തിൽ പാർക്കേണ്ടതിന് തന്നെ.

അത് tunnel vision എന്നും single vision എന്ന് ഒക്കെ പറയും.എന്നുപറഞ്ഞാൽ മുൻപിൽ ഒറ്റ ദർശനത്തിൽ ഓടുന്നതായിട്ടുള്ളത്.അത് വളരെ വ്യക്തമാണ്.അവിടെയാണ് വിവിധമായിട്ടുള്ള കാര്യങ്ങൾ എല്ലാം മുറിച്ച് നാം ആ ഒന്നിലേക്ക്, നമ്മുടെ ആ പരമവിളിയുടെ വിരുത്, ആ മഹത്വപ്രത്യാശ, തേജസ്സിന്റെ അനുഭവം അത് മുൻപിൽ കണ്ടുകൊണ്ട് ഓടുന്നു.ആത്മനിറവിൻ ജീവിതത്തിലാണ് പടി പടിയായിട്ട് നമ്മളെ ഈ അളവിലേക്ക് കൊണ്ട് വരുന്നത്.റോമർ എട്ടാം അദ്ധ്യായം പത്തൊൻപതാം വാക്യം വായിക്കുമ്പോൾ സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംഷയോടെ കാത്തിരിക്കുന്നു എന്നാണ്.ഞാൻ പലപ്പോഴും അത് വായിക്കുമ്പോൾ സൃഷ്ടി എന്നുപറയുമ്പോൾ ദൈവത്തിന്റെ പല സൃഷ്ടികളും ഉണ്ട്. ദൈവദൂതന്മാർ ഉണ്ട്,സ്വർഗീയന്മാരായിട്ടുള്ള മൂപ്പന്മാർ ഉണ്ട്.നമുക്ക് അറിയില്ല സ്വർഗത്തിൽ ഏതെല്ലാം തരത്തിൽ ഉള്ള സൃഷ്ടികൾ ഉണ്ടെന്ന്. ദൂതന്മാരിൽ തന്നെ പല വിഭാഗങ്ങൾ ഉണ്ട്.കെരൂബുകൾ ഉണ്ട്, സാറാഫുകൾ ഉണ്ട് അങ്ങനെ വേറെ നിലവാരങ്ങളിൽ ഉള്ള ദൂതന്മാർ ഉണ്ട്.അപ്പോൾ അവിടെ തന്നെ നമ്മൾ അവരെ കാണുന്നു. സ്വർഗീയമായിട്ടുള്ള മേഖലയിൽ അവിടെ ചില മൂപ്പന്മാരെ നമ്മൾ കാണുന്നു.അപ്പോൾ സൃഷ്ടികൾ പല അളവിൽ ഉണ്ട്.ആ സൃഷ്ടികൾ തന്നെ ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംഷയോടെ കാത്തിരിക്കുന്നു.ഒന്ന് പത്രോസ് ഒന്നാമത്തെ അദ്ധ്യായം പത്ത് മുതൽ പന്ത്രണ്ട് വരെയുള്ള വാക്യങ്ങൾ നിങ്ങൾക്ക് വരുവാനിരിക്കുന്ന കൃപയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ ഈ രക്ഷയെ ആരാഞ്ഞ് അന്വേഷിച്ചിരുന്നു.അവരിലുള്ള ക്രിസ്തുവിൻ ആത്മാവ് ക്രിസ്തുവിന് വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും മുൻപിൽ കൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങനെയുള്ളതോ എന്ന് പ്രവാചകൻമാർ ആരാഞ്ഞുനോക്കി, തങ്ങൾക്കായിട്ടല്ല നിങ്ങൾക്കായിട്ടത്രേ തങ്ങൾ ആ ശുശ്രൂഷ ചെയ്യുന്നു എന്ന് അവർക്ക് വെളിപ്പെട്ടു; സ്വർഗത്തിൽ നിന്ന് അയച്ച പരിശുദ്ധാന്മാവിനാൽ നിങ്ങളോട് സുവിശേഷം അറിയിച്ചവർ അത് ഇപ്പോൾ നിങ്ങളെ ഗ്രഹിപ്പിച്ചിരിക്കുന്നു.അതിലേക്ക് ദൈവദൂതന്മാരും കുനിഞ്ഞ് നോക്കുവാൻ ആഗ്രഹിക്കുന്നു. അപ്പോൾ നമ്മുടെ വെളിപ്പാട്, ദൈവപുത്രന്മാരുടെ വെളിപ്പാട് വലിയ ഒരു സംഘം ഇതിങ്ങനെ അന്വേഷിക്കുമ്പോൾ നമ്മൾ ഇതൊന്നും അറിയാതെ ജീവിക്കുകയാണെങ്കിൽ വലിയ ദുരന്തമാണ്.നമ്മൾ ഈ ലോകത്തിന്റെ കാര്യങ്ങളും അറിഞ്ഞ്,നമ്മുടെ സമയം മുഴുവനും അതിന് വേണ്ടി പാഴാക്കി കളഞ്ഞിട്ട് ,പിന്നെ നമ്മൾ പേരിന് ഒരു പ്രാർത്ഥനയും അതും ഈ ആയുസ്സിലെ കാര്യങ്ങൾ ആയിരിക്കും കൂടുതൽ പ്രാർത്ഥിക്കുന്നത് അങ്ങനെ വരുമ്പോൾ നമ്മുടെ ഈ കാതലായിട്ടുള്ള നമ്മുടെ ആ ദർശനം,നമ്മുടെ വിളി,നമ്മുടെ തിരഞ്ഞെടുപ്പ്,നമ്മുടെ യാത്ര ഇത് മനസ്സിലാക്കാതെ നമ്മൾ ജീവിക്കുകയാണെങ്കിൽ അത് വളരെ പരിതാപകരം ആണ്.നമ്മുടെ വിളിയും തിരഞ്ഞെടുപ്പും നമുക്ക് അറിഞ്ഞ് കൂടാ.റോമർ എട്ടാം അദ്ധ്യായം ഇരുപതാം വാക്യം സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്ന് വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായയ്ക്ക് കീഴ്പ്പെട്ടിരിക്കുന്നു. അത് ഇവിടെയുള്ള സൃഷ്ടി ആയിരിക്കാം.ഒരു വിധത്തിൽ പറഞ്ഞാൽ നമ്മളും ദൈവസൃഷ്ടികളാണ്. അപ്പോൾ ദ്രവത്വത്തെ പറ്റി നമുക്ക് ഒരു ബോധം ഉണ്ടായിരിക്കണം.ഇത് ദാസത്വം ആണ് അടിമത്വം ആണ് ഇതല്ല യഥാർത്ഥം ഇത് പാപത്തിൽ നിന്ന് ഉളവായ ഒരു ശരീരമാണ് നമ്മുടെ ശരീരം തേജസ്സിനാൽ പൊതിയപ്പെടേണ്ടതാണ്.രണ്ട് കൊരിന്ത്യർ അഞ്ചാമത്തെ അദ്ധ്യായം ഒന്നാം വാക്യത്തിൽ കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്ക് സ്വർഗത്തിൽ ഉണ്ടെന്ന് അറിയുന്നു.

അപ്പോൾ മീതെ ധരിപ്പാനായിട്ട് അത് സ്വർഗീയമാണ്.അപ്പോൾ അതിനെ കുറിച്ചുള്ളത് ദൈവസന്നിധിയിൽ വീണ്ടും വീണ്ടും ധ്യാനിക്കുമ്പോൾ ആണ് ആ ഒരു വലിയ പ്രകാശനം ദൈവാത്മാവ് നമ്മുടെ ഉള്ളിന്റെ ഉള്ളിൽ വെളിപ്പെടുത്തുന്നത്.റോമർ എട്ടാം അദ്ധ്യായം ഇരുപത്തി രണ്ടും ഇരുപത്തി മൂന്നും വാക്യങ്ങൾ വായിക്കാം. സർവ്വ സൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടുകൂടെ ഇരിക്കുന്നു എന്ന് അറിയുന്നുവല്ലോ. ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പ് ആയ പുത്രത്വത്തിന് കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു.അപ്പോൾ നമ്മുടെ വീണ്ടെടുപ്പ് പല നിലവാരങ്ങളിൽ ഉണ്ട്.ഒന്ന് പാപത്തിൽ നിന്നുള്ള വീണ്ടെടുപ്പ്. പാപമോചനം,പാപത്തിൽ നിന്നുള്ള ക്ഷമ,പെസഹാ അത് വീണ്ടെടുപ്പിന്റെ പ്രാരംഭം ആണ് .എന്നാൽ നമ്മൾ ആത്മീകമായിട്ട് വളരുവാൻ തുടങ്ങുമ്പോൾ നമ്മൾ ഇന്ന് കേട്ടു പാപസംബന്ധമായിട്ട് മരിക്കുവാൻ, ക്രിസ്തുവിനോട് ചേരുവാനായിട്ട് നാം സ്നാനം ഏൽക്കുമ്പോൾ നമുക്ക് പ്രകാശനം അൽപ്പമായിട്ട് കിട്ടും. പാപസംബന്ധമായിട്ട് മരിക്കുക.അത് നമ്മുടെ ജീവിത യാത്രയിൽ ആണ് പാപത്തിന്റെ സംബന്ധം ഓരോന്നോരോന്നായിട്ട് അറ്റ് പോകുന്നത്. ആയതുപോലെ നമ്മുടെ ഉയർപ്പിന്റെ ജീവിതം അത് അടുത്ത വീണ്ടെടുപ്പിന്റെ മേഖലയാണ്.അതൊക്കെ തുടങ്ങണം.ആ ഉയർപ്പിൻ ജീവനിൽ നാം ജീവിക്കുവാൻ തുടങ്ങുമ്പോൾ ആണ് നമുക്ക് എതിരായിട്ട് നിൽക്കുന്ന അനേകം ശക്തികളിൽ നിന്ന് നമുക്ക് വിടുതൽ കിട്ടുന്നത്. സ്നാനപ്പെടുവാൻ വരുന്ന ഒരു കൂട്ടത്തോട് അപ്പൊസ്തലപ്രവർത്തി രണ്ടാം അദ്ധ്യായം നാൽപ്പതാം വാക്യത്തിൽ അപ്പോസ്തലൻ പറയുന്നത് ഈ വക്രതയുള്ള തലമുറയിൽ നിന്ന് നിങ്ങൾ രക്ഷിക്കപ്പെടുവിൻ.അത് ഒരു വീണ്ടെടുപ്പ് ആണ്.അപ്പോൾ ഈ ലോകം നമ്മെ മൂടുന്നില്ല. ലോകത്തിന്റെ വഞ്ചന നമുക്ക് മനസ്സിലാക്കാം.ലോകത്തിൽ നമ്മൾ പെട്ട് പോകുന്നില്ല.അപ്പോൾ ഇങ്ങനെയൊക്കെ ഉള്ള അവസ്ഥകൾ എല്ലാം വീണ്ടെടുപ്പിന്റെ ഒരോ പടികളാണ്.നമ്മൾ ഇപ്പോൾ ചിന്തിച്ചതുപോലെ ദൈവാത്മാവിനാൽ നടത്തപ്പെ ജീവിതത്തിലൂടെ നേടുന്ന നമ്മുടെ അവകാശങ്ങൾ ഒക്കെ നമുക്ക് മനസ്സിലാകും,നമ്മുടെ ഹൃദയ ദൃഷ്ടികൾ പ്രകാശിക്കുന്നു.ഇതെല്ലാം ആ വളർച്ചയുടെ മേഖലകൾ ആണ്.നമ്മൾ പലതിൽ നിന്നും വിടുതൽ പ്രാപിക്കുന്നതായിട്ടുള്ള ഒരു ജീവിതമാണ്. വീണ്ടെടുപ്പിന്റെ ഒരു വിവിധമായിട്ടുള്ള അവസ്ഥകളാണ്.എന്നാൽ നമ്മുടെ അവസാന വീണ്ടെടുപ്പ് എന്ന് പറയുന്നത് നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പ് ആണ്.ഈ മണ്ണായ ശരീരം തേജസ്സ്കരിക്കപ്പെടുന്നതാണ് നമ്മുടെ അവസാന വീണ്ടെടുപ്പ്.അപ്പോൾ അതിന് വേണ്ടി ആത്മാവെന്ന ആദ്യ ദാനം നമുക്ക് ലഭിച്ചിരിക്കുന്നു,ആ ആത്മാവിനെ നൽകിയിരിക്കുന്നു. നമ്മുടെ ശരീരം അതിന്റെ പൂർവ്വ സ്ഥിതിയിൽ, എന്ന് പറയുമ്പോൾ അതിലൊക്കെ ഉന്നതമാണ് ക്രിസ്തുവിന് സദൃശ്യന്മാർ.ക്രിസ്തുവിന്റെ തേജസ്സ്കരിക്കപ്പെട്ട ആ ശരീരം അതിലേക്ക് നമ്മൾ ആകുവാനായിട്ട് അതായത് നമുക്കറിയാം മൂടുപടം നീങ്ങിയ മുഖത്ത് എന്നുള്ള വാക്കിൽ ആത്മാവാകുന്ന കർത്താവിന്റെ ദാനം.രണ്ട് കൊരിന്ത്യർ മൂന്നാം അദ്ധ്യായം പതിനെട്ടാം വാക്യം എന്നാൽ മൂടുപടം നീങ്ങിയ മുഖത്ത് കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു.പരിശുദ്ധാത്മാവ് എന്ന ആദ്യദാനം. പരിശുദ്ധാത്മാവിൽ മുദ്രയിട്ടിരിക്കുന്നു എന്ന് നമ്മൾ എഫെസ്യർ ലേഖനത്തിൽ കാണുന്നു."അച്ചാരം" അത് നിക്ഷേപിച്ചിരിക്കുന്ന പണം [deposit money] ആണ്.അത് പൂർണ്ണതയിൽ ആയിട്ടില്ല. നമ്മുടെ യഥാർത്ഥ ശരീരം നമുക്ക് ഇതുവരെ കിട്ടീട്ടില്ല.

പണം മുൻകൂർ [deposit ] കൊടുത്തതേയുള്ളൂ,അച്ചാരം കൊടുത്തതേയുള്ളൂ.നമുക്കറിയാം നമ്മൾ ഒരു ഭൂമി വാങ്ങിക്കുമ്പോൾ അതിന്റെ നിക്ഷേപിക്കപ്പെട്ട പണം [deposit money] നമ്മൾ കൊടുത്തു.നല്ല ആദായമുള്ള ഭൂമി ആണ് നല്ല മനോഹരമാണ്.എന്നാൽ അത് പ്രാപിപ്പാനായിട്ട് ചില മാസങ്ങൾ എടുക്കും.അതിന് വേണ്ടി നമ്മൾ കാത്തിരിക്കുകയാണ്.നല്ല ആദായമുള്ള ഭൂമിയാണ് നല്ല മനോഹരമാണ് അല്ലെങ്കിൽ നല്ല വീട് വെയ്ക്കാൻ കഴിയുന്ന ഭൂമിയാണ്.അത് എപ്പോഴാണ് നമ്മുടെ കൈയിൽ ആകുന്നത് എന്ന് നമ്മൾ ഇങ്ങനെ കാത്തിരിക്കുക ആണ്.അങ്ങനെയൊക്കെ പ്രത്യാശിച്ചവർക്ക് അറിയാം.ചിലർക്ക് വിദേശ രാജ്യങ്ങളിൽ പോകുന്നത് വലിയ പ്രത്യാശയാണ്.സമയം അങ്ങോട്ട് പോകുന്നില്ല ഇനിയും രണ്ട് മാസം കൂടി ഉണ്ട്.അമേരിക്കയിലൊക്കെ വിസയ്ക്ക് അപേക്ഷിക്കുന്നവരോട് ചോദിച്ചാൽ മതി.പത്ത് കൊല്ലം അല്ലെങ്കിൽ ഒരു നീണ്ട സമയം ആയിരിക്കും അവർ കാത്തിരിക്കുന്നത്.പക്ഷെ അവർ പ്രത്യാശയോടെ കാത്തിരിക്കുകയാണ്.അതിന് വേണ്ടി പ്രാർത്ഥിക്കുന്നു, അതിന് വേണ്ടി ഉപവസിക്കുന്നു.ഞാൻ ഒരാളോട് ചോദിച്ചു നീണ്ട ഉപവാസങ്ങളൊക്കെ എടുത്തിട്ടുണ്ടോ? ഉണ്ടെന്ന് പറഞ്ഞു.ഞാൻ വീണ്ടും ചോദിച്ചു എത്ര ദിവസം? ഒരാഴ്ച്ച.എനിക്ക് അദ്ദേഹത്തോട് വലിയ ബഹുമാനം തോന്നി.ഒരാഴ്ച്ച അല്ലെ? ഞാൻ ചോദിച്ചു എന്തിനാണ് ഉപവാസം എടുത്തത്? അമേരിക്കയിലേക്ക് പോകുവാനായിട്ട് വിസയ്ക്ക് ഒക്കെ അപേക്ഷിച്ചിട്ട് ഉണ്ട് അത് എത്രയും പെട്ടെന്ന് കിട്ടുവാനായിട്ടാണ് ഞാൻ ഉപവാസം എടുത്തത്.എല്ലാം പോയി.അപ്പോൾ അതൊരു പ്രത്യാശയാണ്.എങ്ങനെയെങ്കിലും ആ അമേരിക്കയുടെ മണ്ണിൽ ഒന്ന് കാല് കുത്തണം.അപ്പോൾ ഞാൻ ചോദിക്കുകയാണ് അപ്പോൾ എന്താണ് നമ്മുടെ നിത്യപ്രത്യാശ? നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പ്.നിന്റെ സൗന്ദര്യം ഒക്കെ കണ്ടുകൊണ്ട് ഇരിക്കയാണ്. സൗന്ദര്യമൊക്കെ ഇപ്പോൾ പോകും.ചെറുപ്രായത്തിൽ ഇത്തിരി സൗന്ദര്യം ഒക്കെ കാണും അതൊക്കെ പോകും.ഒരു പ്രായം കഴിയുമ്പോൾ ചുളുങ്ങാൻ തുടങ്ങും.രോഗങ്ങൾ ഒക്കെ പിടിക്കാൻ തുടങ്ങും.എന്നാൽ നിത്യമായിട്ടുള്ള ഒന്ന്, തേജസ്സ്ക്കരിക്കപ്പെട്ട ഒരു ശരീരം,നിത്യതയിൽ വാഴുന്ന ഒരു ശരീരം അതിനെ സൂക്ഷിപ്പാൻ വേണ്ടിയാണ് നമുക്ക് ഈ ആത്മാവിനെ നൽകിയിരിക്കുന്നത്.കറ,ചുളുക്കം,വാട്ടം,ഒന്നും ഇല്ലാത്ത ആ വാക്യം നമുക്ക് വായിക്കാം.ആ വാക്യം വീണ്ടും വീണ്ടും വായിക്കാൻ ആയിട്ട് എന്നെ ഉത്സാഹിപ്പിക്കുന്നു.ഒന്ന് പത്രോസ് ഒന്നാമത്തെ അദ്ധ്യായം മൂന്നാം വാക്യം വായിക്കുക.നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിന് സ്തോത്രം.അവൻ മരിച്ചവരുടെ ഇടയിൽ നിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യ പ്രകാരം നമ്മെ ജീവനുള്ള പ്രത്യാശയ്ക്കായി .യേശുകർത്താവ് മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർത്തെഴുന്നേറ്റത് തന്റെ കരുണാധിക്യ പ്രകാരം നമ്മെ ജീവനുള്ള പ്രത്യാശ - ആ പ്രത്യാശ എന്ന് പറയുമ്പോൾ നമുക്കുമൊരു ഉയിർപ്പ് ഉണ്ട്. ഈ കാലം എല്ലാം കഴിയും നമ്മൾ ഒരു സമയത്ത് ഈ ലോകം വിടും നമ്മളെ കൊണ്ട് അടക്കും എന്നാൽ കർത്താവിന്റെ വരവിങ്കൽ നമ്മൾ ഉയിർക്കും.ഈ പ്രത്യാശ ഉണ്ടായിരിക്കണം.ആരെങ്കിലും അങ്ങനെയൊന്ന് പ്രത്യാശിച്ചിട്ട് ഉണ്ടോ? ആയിട്ട് ഉയർത്തെഴുന്നേറ്റ് പോകും എന്ന്.നമ്മുടെ സ്വർഗത്തിൽ ഇരിക്കുന്ന ആത്മാവുമായിട്ട് ഒന്ന് യോജിക്കുന്നത്.ആ വിൺശരീരം ആത്മാവുമായിട്ട് ഒന്നിച്ച് അത് നമ്മുടെ ഉള്ളിൽ ചിന്തിക്കാൻ തന്നെ വളരെ പ്രയാസമാണ്. നമുക്ക് അത് ചെയ്യാൻ പ്രയാസമാണ്.ഒന്ന് പത്രോസ് ഒന്നാം അദ്ധ്യായം നാലാം വാക്യത്തിൽ പറയുന്ന അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷ അതാണ് തേജസ്സ്കരണം, അതാണ് നമ്മുടെ രക്ഷയുടെ അവസാന പടി.അപ്പോൾ രക്ഷിക്കപ്പെട്ടു എന്ന് പറഞ്ഞ് നമ്മൾ അവിടം കൊണ്ട് നിർത്തരുത്.

രക്ഷയുടെ ആദ്യത്തെ ചുവടുകളാണ് നമ്മൾ ആ പ്രാരംഭത്തിൽ വെയ്ക്കുന്നത്. എന്നിട്ട് നമ്മൾ ഈ യാത്രയിൽ അനേകം വിഷയങ്ങളിൽ രക്ഷിക്കപ്പെട്ട് കൊണ്ടിരിക്കുകയാണ്.വക്രതയും കോട്ടവുമുള്ള തലമുറയുടെ ഇടയിൽ നിന്ന് രക്ഷിക്കപ്പെടുന്നു.ജഡീകമായ അവസ്ഥകളിൽ നിന്ന് രക്ഷിക്കപ്പെടുന്നു.ഒരു ഭാഗത്ത് ആത്മീകമായ വളർച്ച,രക്ഷയുടെ ഒരു അനുഭവം.അപ്പോൾ ആ യാത്രയിൽ ആണ് അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങി ഇരിക്കുന്ന രക്ഷയ്ക്ക് വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന,അപ്പോൾ ആ വിശ്വാസം വെറും വിശ്വാസം അല്ല വിശ്വസിക്കുന്നവരുടെ ഉള്ളിൽ വ്യാപരിക്കുന്ന ദൈവത്തിന്റെ ശക്തി.വചനത്തിൽ ഉള്ള വിശ്വാസം എന്ന് പറയുമ്പോൾ അത് ഒരു ശക്തിയേറിയ മേഖലയാണ്.നമ്മൾ ഇതെല്ലാം വിശ്വാസത്തിൽ ആണ് പ്രാപിക്കേണ്ടത്.വചനത്തിൽ നിന്നാണ് നമുക്ക് വിശ്വാസം കിട്ടുന്നത് അത് വിശ്വാസത്താൽ ആണ് പ്രാപിക്കേണ്ടത്.ഞാൻ പലപ്പോഴും എന്നെ തന്നെ നോക്കും.എന്നിട്ട് കർത്താവിനോട് ചോദിക്കും എന്റെ അരുമനാഥാ, അതിന്റെ അളവിലേക്ക് എനിക്ക് കിട്ടുന്നില്ലല്ലോ. കാരണം നമ്മളെ പൂർണ്ണതയിലേക്ക് കൊണ്ട് വരണം.പ്രാരംഭത്തിൽ പാപത്തിൽ നിന്ന് വിടുവിക്കപ്പെട്ട് പൂർണ്ണതയിലേക്ക് കൊണ്ട് വരുന്ന ഒരു പ്രധാനപ്പെട്ട ഉപകരണം ആണ് വിശ്വാസം,ദൈവവിശ്വാസം.അത് ദൈവത്തിന്റെ വചനത്തിൽ നിന്നാണ് ലഭിക്കുന്നത്.ഒരോ ദിവസവും നമ്മൾ വചനം ധ്യാനിക്കുമ്പോൾ വചനം വിശ്വാസമായിട്ട് നമ്മുടെ ഉള്ളിൽ പരിണമിക്കണം.ഒന്ന് പത്രോസ് ഒന്നാം അദ്ധ്യായം നാലാം വാക്യം അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷയ്ക്ക് വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന അത് വെറും വിശ്വാസമല്ല നമ്മുടെ ഉള്ളിൽ വ്യാപരിക്കുന്ന,നമ്മുടെ പുറമെ ഉള്ള മനുഷ്യനിൽ വ്യാപരിക്കുന്നത് ആണ്.അതിനെ കാത്ത് സൂക്ഷിക്കുകയാണ്.കാക്കപ്പെടുന്ന നിങ്ങൾക്ക് വേണ്ടി സ്വർഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം, എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായി തന്നെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു.അപ്പോൾ നമ്മളെ വീണ്ടും ജനിപ്പിച്ചതിന്റെ ഉദ്ദേശം അതാണ്.യേശുകർത്താവിന്റെ പുനരുത്ഥാനത്തിന്റെ ഉദ്ദേശം അതാണ്. യേശുകർത്താവ് ഇന്ന് മഹത്വത്തിൽ മഹാപുരോഹിതനായിട്ട് പിതാവിന്റെ വലത്ത് ഭാഗത്ത് ഇരിക്കുന്നതിന്റെ ഉദ്ദേശം അതാണ്.നമ്മളെ പൂർണ്ണമായിട്ട് രക്ഷിപ്പാൻ.എന്താണ് പൂർണ്ണത? ക്ഷയം മാലിന്യം വാട്ടം എന്നിവ ഇല്ലാത്തതായിട്ടുള്ള ഒരു അവകാശം.അപ്പോൾ നമ്മൾ അത് ഉൾക്കൊള്ളണം.ഞാൻ ഇന്നലെ ഓർപ്പിച്ചതുപോലെ നമ്മൾ ഒരു വിത്ത് ആകുമ്പോൾ,ആ ശരീരം കുഴിച്ചിടുമ്പോൾ അത് ഒരു വിത്ത് അതിന്റെ പൂർണ്ണതയിൽ ഉയർത്തെഴുന്നേൽക്കുവാനായിട്ട്,ആ പൂർണ്ണ തേജസ്സിൽ ഉയർത്തെഴുന്നേൽക്കുവാൻ തക്കവണ്ണം നമ്മുടെ ശരീരത്തെ അതിന്റെ ഓരോ അവയവങ്ങളെ നാം സൂക്ഷിക്കേണ്ടതായിട്ടുണ്ട്.നമ്മുടെ പ്രവർത്തികൾ നമ്മുടെ നോട്ടം നമ്മുടെ ഭാവം,സംസാരം, കേൾവി,നടപ്പ്, കിടപ്പ് എല്ലാ മേഖലകളിലും വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന ജീവിതങ്ങൾ ആയിട്ട് തീരണം.അവിടെയാണ് വചനത്തിൽ നിന്ന് ഉളവാകുന്ന വിശ്വാസം നമ്മുടെ ഉള്ളിൽ ഈ ആത്മീയ സത്യങ്ങൾ നിരന്തരം നമ്മെ വെളിപ്പെടുത്തുവാൻ തക്കവണ്ണം, ഇതിനകത്ത് മറഞ്ഞിരിക്കുന്ന മർമ്മങ്ങൾ വെളിപ്പെടുവാൻ തക്കവണ്ണം അത് ദൈവശക്തിയായിട്ട് തന്നെ നമ്മളിൽ വ്യാപരിക്കണം.നമ്മുടെ കണ്ണ് മങ്ങുവാൻ അനുവദിക്കരുത്.സ്വർഗീയമായത് കാണുന്നതിന് തടസ്സമായിട്ടുള്ളത് എല്ലാം നീങ്ങി പോകുന്നതിനായിട്ട് ഈ വിശ്വാസത്താൽ ഉളവാകുന്ന ദൈവശക്തി അത് മുഖാന്തരമായിട്ട് തീരണം.അപ്പോൾ ഈ ആത്മീക ലക്ഷ്യം,നമുക്ക് വാരുവാനുള്ള പ്രത്യാശ അത് കാണുവാനായിട്ട്,അത് രുചിക്കുവാനായിട്ട് ആ മഹത്വത്തിലേക്ക് വെറുതെ അങ്ങ് പ്രവേശിക്കുകയല്ല

രക്ഷയുടെ ആദ്യത്തെ ചുവടുകളാണ് നമ്മൾ ആ പ്രാരംഭത്തിൽ വെയ്ക്കുന്നത്. എന്നിട്ട് നമ്മൾ ഈ യാത്രയിൽ അനേകം വിഷയങ്ങളിൽ രക്ഷിക്കപ്പെട്ട് കൊണ്ടിരിക്കുകയാണ്.വക്രതയും കോട്ടവുമുള്ള തലമുറയുടെ ഇടയിൽ നിന്ന് രക്ഷിക്കപ്പെടുന്നു.ജഢീകമായ അവസ്ഥകളിൽ നിന്ന് രക്ഷിക്കപ്പെടുന്നു.ഒരു ഭാഗത്ത് ആത്മീകമായ വളർച്ച,രക്ഷയുടെ ഒരു അനുഭവം.അപ്പോൾ ആ യാത്രയിൽ ആണ് അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങി ഇരിക്കുന്ന രക്ഷയ്ക്ക് വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന,അപ്പോൾ ആ വിശ്വാസം വെറും വിശ്വാസം അല്ല വിശ്വസിക്കുന്നവരുടെ ഉള്ളിൽ വ്യാപരിക്കുന്ന ദൈവത്തിന്റെ ശക്തി.വചനത്തിൽ ഉള്ള വിശ്വാസം എന്ന് പറയുമ്പോൾ അത് ഒരു ശക്തിയേറിയ മേഖലയാണ്.നമ്മൾ ഇതെല്ലാം വിശ്വാസത്തിൽ ആണ് പ്രാപിക്കേണ്ടത്.വചനത്തിൽ നിന്നാണ് നമുക്ക് വിശ്വാസം കിട്ടുന്നത് അത് വിശ്വാസത്താൽ ആണ് പ്രാപിക്കേണ്ടത്.ഞാൻ പലപ്പോഴും എന്നെ തന്നെ നോക്കും.എന്നിട്ട് കർത്താവിനോട് ചോദിക്കും എന്റെ അരുമനാഥാ, അതിന്റെ അളവിലേക്ക് എനിക്ക് കിട്ടുന്നില്ലല്ലോ. കാരണം നമ്മളെ പൂർണ്ണതയിലേക്ക് കൊണ്ട് വരണം.പ്രാരംഭത്തിൽ പാപത്തിൽ നിന്ന് വിടുവിക്കപ്പെട്ട് പൂർണ്ണതയിലേക്ക് കൊണ്ട് വരുന്ന ഒരു പ്രധാനപ്പെട്ട ഉപകരണം ആണ് വിശ്വാസം,ദൈവവിശ്വാസം.അത് ദൈവത്തിന്റെ വചനത്തിൽ നിന്നാണ് ലഭിക്കുന്നത്.ഒരോ ദിവസവും നമ്മൾ വചനം ധ്യാനിക്കുമ്പോൾ വചനം വിശ്വാസമായിട്ട് നമ്മുടെ ഉള്ളിൽ പരിണമിക്കണം.ഒന്ന് പത്രോസ് ഒന്നാം അദ്ധ്യായം നാലാം വാക്യം അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷയ്ക്ക് വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന അത് വെറും വിശ്വാസമല്ല നമ്മുടെ ഉള്ളിൽ വ്യാപരിക്കുന്ന,നമ്മുടെ പുറമെ ഉള്ള മനുഷ്യനിൽ വ്യാപരിക്കുന്നത് ആണ്.അതിനെ കാത്ത് സൂക്ഷിക്കുകയാണ്.കാക്കപ്പെടുന്ന നിങ്ങൾക്ക് വേണ്ടി സ്വർഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം, എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായി തന്നെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു.അപ്പോൾ നമ്മളെ വീണ്ടും ജനിപ്പിച്ചതിന്റെ ഉദ്ദേശം അതാണ്.യേശുകർത്താവിന്റെ പുനരുത്ഥാനത്തിന്റെ ഉദ്ദേശം അതാണ്. യേശുകർത്താവ് ഇന്ന് മഹത്വത്തിൽ മഹാപുരോഹിതനായിട്ട് പിതാവിന്റെ വലത്ത് ഭാഗത്ത് ഇരിക്കുന്നതിന്റെ ഉദ്ദേശം അതാണ്.നമ്മളെ പൂർണ്ണമായിട്ട് രക്ഷിപ്പാൻ.എന്താണ് പൂർണ്ണത? ക്ഷയം മാലിന്യം വാട്ടം എന്നിവ ഇല്ലാത്തതായിട്ടുള്ള ഒരു അവകാശം.അപ്പോൾ നമ്മൾ അത് ഉൾക്കൊള്ളണം.ഞാൻ ഇന്നലെ ഓർപ്പിച്ചതുപോലെ നമ്മൾ ഒരു വിത്ത് ആകുമ്പോൾ,ആ ശരീരം കുഴിച്ചിടുമ്പോൾ അത് ഒരു വിത്ത് അതിന്റെ പൂർണ്ണതയിൽ ഉയർത്തെഴുന്നേൽക്കുവാനായിട്ട്,ആ പൂർണ്ണ തേജസ്സിൽ ഉയർത്തെഴുന്നേൽക്കുവാൻ തക്കവണ്ണം നമ്മുടെ ശരീരത്തെ അതിന്റെ ഓരോ അവയവങ്ങളെ നാം സൂക്ഷിക്കേണ്ടതായിട്ടുണ്ട്.നമ്മുടെ പ്രവർത്തികൾ നമ്മുടെ നോട്ടം നമ്മുടെ ഭാവം,സംസാരം, കേൾവി,നടപ്പ്, കിടപ്പ് എല്ലാ മേഖലകളിലും വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന ജീവിതങ്ങൾ ആയിട്ട് തീരണം.അവിടെയാണ് വചനത്തിൽ നിന്ന് ഉളവാകുന്ന വിശ്വാസം നമ്മുടെ ഉള്ളിൽ ഈ ആത്മീയ സത്യങ്ങൾ നിരന്തരം നമ്മെ വെളിപ്പെടുത്തുവാൻ തക്കവണ്ണം, ഇതിനകത്ത് മറഞ്ഞിരിക്കുന്ന മർമ്മങ്ങൾ വെളിപ്പെടുവാൻ തക്കവണ്ണം അത് ദൈവശക്തിയായിട്ട് തന്നെ നമ്മളിൽ വ്യാപരിക്കണം.നമ്മുടെ കണ്ണ് മങ്ങുവാൻ അനുവദിക്കരുത്.സ്വർഗീയമായത് കാണുന്നതിന് തടസ്സമായിട്ടുള്ളത് എല്ലാം നീങ്ങി പോകുന്നതിനായിട്ട് ഈ വിശ്വാസത്താൽ ഉളവാകുന്ന ദൈവശക്തി അത് മുഖാന്തരമായിട്ട് തീരണം.അപ്പോൾ ഈ ആത്മീക ലക്ഷ്യം,നമുക്ക് വാരുവാനുള്ള പ്രത്യാശ അത് കാണുവാനായിട്ട്,അത് രുചിക്കുവാനായിട്ട് ആ മഹത്വത്തിലേക്ക് വെറുതെ അങ്ങ് പ്രവേശിക്കുകയല്ല

ദിനം തോറും ദിനം തോറും ദൈവവചനത്താൽ ഉളവാകുന്ന വിശ്വാസത്താൽ ദൈവശക്തിയിൽ നമ്മളെ തന്നെ സൂക്ഷിച്ച് അപ്പോസ്തലൻ പറയുന്നതുപോലെ,നമ്മളെ അറിയിക്കുന്നതുപോലെ (ആകയാൽ അവൻ നിർമലൻ ആയിരിക്കുന്നതുപോലെ) ഈ പ്രത്യാശ ഉള്ളവൻ ഏത് പ്രത്യാശ? യേശുവിനോട് സദൃശ്യൻ ആയിട്ട് തീരും എന്നുള്ള പ്രത്യാശയുള്ളവൻ യേശുകർത്താവ് നിർമലൻ ആയിരിക്കുന്നത് പോലെ അങ്ങനെയുള്ളവർ നിർമലതയോടെ ജീവിക്കും.നമ്മൾ വായിച്ച വാക്യത്തിലേക്ക് മടങ്ങി വരാം റോമാലേഖനം എട്ടാം അദ്ധ്യായം ഇരുപത്തി മൂന്നാം വാക്യത്തിന്റെ രണ്ടാം ഭാഗം ശരീരത്തിന്റെ വീണ്ടെപ്പ് ആയ പുത്രത്വത്തിന് കാത്ത് കൊണ്ട് ഉള്ളിൽ ഞരങ്ങുന്നു.ഈ ഞരക്കം എത്രപേർക്ക് ഉണ്ട്? നമുക്ക് എല്ലാ കാര്യങ്ങളും ലോകത്തിൽ ഭംഗി ആയിട്ട് പോകുകയാണ് നമുക്ക് ഒരു ഞരക്കവും കാണുക ഇല്ല.അല്ലേ? നമ്മൾ പറയും കർത്താവേ ഒരു നൂറ് വയസ്സ് വരെ ജീവിക്കുവാൻ എന്നെ സഹായിക്കണം.എനിക്ക് അറിയാം റബ്ബറിന് ഇപ്പോൾ വില ഒന്നുമില്ല.എന്നാൽ വിലയുള്ള സമയത്ത് അത് വെട്ടുന്നത് ആയിട്ടുള്ള ഒരു വിശ്വാസി പ്രാർത്ഥിച്ച് കർത്താവേ ഇതിൽ നിന്നൊക്കെ ഒന്ന് അനുഭവിച്ച് നന്നായി ഒന്ന് ജീവിച്ചതിന് ശേഷമേ അവിടുന്ന് മദ്ധ്യാകാശത്തിൽ വരാവൂ.അന്നത്തെ ദൈവമക്കൾക്ക് ഏറ്റവും കുറഞ്ഞത് ഒരു പ്രത്യാശയെങ്കിലും ഉണ്ടായിരുന്നു ഇന്നാണെങ്കിലോ? അങ്ങോട്ട് പ്രത്യാശപോലും ഇല്ല.ഒരു ഭയം ഉള്ളിൽ ഉണ്ടായിരുന്നു.ഇപ്പോൾ ഇതിനകത്ത് എല്ലാം കൂടെ മനസ്സ് വെച്ച് കഴിഞ്ഞാൽ കർത്താവ് വരുമ്പോൾ പോയില്ലെങ്കിലോ!.ഇന്ന് അതല്ല കാലം.ഇന്ന് മനുഷ്യന് ആയുസ്സിൽ മാത്രമുള്ള പ്രത്യാശയാണ്.പത്ത് പുത്തൻ പണം നേടാൻ ഓടുകയാണ് മനുഷ്യൻ.നിത്യതയെ പറ്റി ബോധമില്ല.അങ്ങനെ വഞ്ചിക്കപ്പെടരുത് ലോകത്തിന് വേണ്ടി അല്ല നമ്മളെ വിളിച്ചിരിക്കുന്നത് നിത്യതയ്ക്ക് വേണ്ടി ആണ് നമ്മളെ വിളിച്ചിരിക്കുന്നത്.അല്ലേ? ലോകത്തിൽ പത്ത് പുത്തൻ പണം നേടുവാനല്ല നമ്മളെ വിളിച്ചിരിക്കുന്നത്.സ്വർഗീയമായത് അതിന്റെ പൂർണ്ണതയിൽ, ക്ഷയം മാലിന്യം വാട്ടം എന്നിവ ഇല്ലാത്തതായിട്ടുള്ള ഒരു അവകാശത്തിനായിട്ടാണ് നമ്മളെ വിളിച്ച് വേർതിച്ചിരിക്കുന്നത്.അത് കാണുവാൻ അത് ഗ്രഹിക്കുവാൻ അത് സംഗ്രഹിക്കുവാൻ തക്കവണ്ണം ഈ നാളുകളിൽ നമ്മുടെ ഹൃദയ ദൃഷ്ടികൾ പ്രകാശിക്കട്ടെ.ഇത് പ്രാപിക്കാനായിട്ട് ഉള്ളിൽ ഒരു ഞരക്കം,ഒരു ദാഹം,ഒരു ആഗ്രഹം അത് നമ്മുടെ ഉള്ളിൽ ഉണ്ടാകട്ടെ.റോമാലേഖനം എട്ടാം അദ്ധ്യായം ഇരുപത്തി നാലാം വാക്യം പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്.ഈ പ്രത്യാശ ഇല്ലെങ്കിൽ അത് യഥാർത്ഥ രക്ഷയാണോ? പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്.ഒന്ന് തെസ്സലോനിക്യർ അഞ്ചാം അദ്ധ്യായം എട്ട് മുതലുള്ള വാക്യം വായിക്കുക നാമോ പകലിനുള്ളവർ ആകയാൽ വിശ്വാസവും സ്നേഹവും എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ച് കൊണ്ട് സുബോധമായി ഇരിക്ക. താഴോട്ടുള്ള വാക്യം വായിക്കാം ദൈവം നമ്മെ കോപത്തിനല്ല,നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോട് കൂടെ ജീവിക്കേണ്ടതിന് നമുക്ക് വേണ്ടി മരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം രക്ഷയെ പ്രാപിപ്പാനത്രേ നിയമിച്ചിരിക്കുന്നത്.രക്ഷിക്കപ്പെട്ടു എന്നല്ല രക്ഷയെ പ്രാപിപ്പാൻ നിയമിച്ചിരിക്കുന്നു.എന്താണ് ഈ രക്ഷ? നമ്മുടെ മുൻപിൽ വച്ചിരിക്കുന്നതായിട്ടുള്ള മഹത്വപ്രത്യാശ.നമ്മുടെ മുൻപിൽ വെച്ചിരിക്കുന്ന തേജസ്സ്കരണം.ശരീരത്തിന്റെ വീണ്ടെടുപ്പ്.ഇത് പ്രാപിക്കണം.ഇത് മുൻപിൽ കണ്ട് കൊണ്ട് ജീവിക്കണം.അതിന് വേണ്ടിയാണ് നമ്മളെ വീണ്ടും ജനിപ്പിച്ചിരിക്കുന്നത്.അപ്പോൾ രക്ഷയുടെ പൂർണ്ണവിരാമം [full stop] സ്നാനപ്പെട്ട് കഴിയുമ്പോൾ ഇട്ട് കഴിഞ്ഞാൽ ഇത് പ്രാപിച്ചെടുക്കുവാൻ പറ്റുമോ? അവരവർ ചോദിക്കണം.പലരും ആ ഭാഗം കൊണ്ട് പൂർണ്ണവിരാമം [full stop] ഇടും.ഇത് ഓരോ ദിവസവും പ്രാപിപ്പാൻ തക്കവണ്ണം ആയിരിക്കണം നാം ശ്രമിക്കേണ്ടത്,

നാം ഓടേണ്ടത്.ഒന്ന് കൊരിന്ത്യർ ഒൻപതാമത്തെ അദ്ധ്യായം ഇരുപത്തി മൂന്ന് മുതലുള്ള വാക്യങ്ങൾ വായിക്കുക.സുവിശേഷത്തിൽ ഒരു പങ്കാളി ആകേണ്ടതിന് ഞാൻ സകലവും സുവിശേഷം നിമിത്തം ചെയ്യുന്നു.അപ്പോൾ അങ്ങനെ ഒരു ജീവിതം ഉണ്ടോ? നമുക്ക് അറിയാം നമ്മൾ ആഹാരം കഴിക്കുന്നതിന് മുൻപായിട്ട് ഒന്ന് പ്രാർത്ഥിക്കും.നിന്റെ ശക്തി മൂലം അവിടുത്തെ വേല ചെയ്യുവാൻ എന്നെ സഹായിക്കണം. എത്രപേർ അത് ചിന്തിച്ചാണ് പ്രാർത്ഥിക്കുന്നത് എന്ന് അറിയില്ല.ഒരോ പ്രാവശ്യവും അത് ആരെങ്കിലും പ്രാർത്ഥിക്കുമ്പോൾ തന്നെ അത് വിശ്വാസത്താൽ ഏറ്റെടുത്ത് കൊണ്ട് നമുക്ക് പ്രാർത്ഥിക്കുവാൻ പറ്റുമോ? അതോ ചടങ്ങ് ആണോ? അതുപോലെ എന്ത് ചെയ്താലും സുവിശേഷം നിമിത്തം ആണ്.അങ്ങനെ ഒരു ജീവിതം ഉണ്ടോ? ഭക്തന്മാർക്ക് അങ്ങനെയൊരു ജീവിതം ഉണ്ട്.ഒന്ന് കൊരിന്ത്യർ ഒൻപതാമത്തെ അദ്ധ്യായം ഇരുപത്തി നാലാമത്തെ വാക്യം.ഓട്ടക്കളത്തിൽ ഓടുന്നു എങ്കിലും ഒരുവനെ വിരുത് പ്രാപിക്കുന്നുള്ളൂ എന്ന് നാം അറിയുന്നില്ലയോ? നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ. നിത്യത പ്രാപിക്കണം,തേജസ്സ് പ്രാപിക്കണം,ക്ഷയം മാലിന്യം വാട്ടം എന്നിവ ഇല്ലാത്ത ഒരു അവകാശം പ്രാപിക്കണം.കെട്ടി ഇറക്കി തരികയല്ല നമ്മൾ പ്രാപിക്കണം.പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ.ഒന്ന് കൊരിന്ത്യർ ഒൻപതാമത്തെ അദ്ധ്യായം ഇരുപത്തി അഞ്ചാമത്തെ വാക്യം. അങ്കം പൊരുന്നവനൊക്കെയും സകലത്തിലും വർജനം ആചരിക്കുന്നു. അതോ, അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിന് തന്നെ. ഒളിമ്പിക്സിന് പോകുന്നവർ സകലവും വർജിച്ചിട്ട് ആണ് പോകുന്നത്. രാവിലെ നാല് മണിയാകുമ്പോൾ എഴുന്നേൽക്കും ആഹാരക്രമം നോക്കും.അവന് ലോകവുമായിട്ട് ബന്ധം ഇല്ല.പത്ത് മൈൽ രാവിലെ ഓടുന്നു.അനേകം വർഷങ്ങൾ അവരുടേത് വേറൊരു ജീവിതമാണ്. പത്തൊൻപത് വർഷങ്ങൾ ഇതിന് വേണ്ടി അവർ തയ്യാർ ആവുകയാണ്. ഒരു ചെറിയ സ്വർണ്ണ മെഡൽ വാങ്ങിക്കുവാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്.അതൊരു പ്രത്യേക ജീവിതമാണ്.അവരുടെ ജീവിതത്തെ പറ്റി പലരും എന്നോട് പറഞ്ഞിട്ടുണ്ട്.വളരെ ചെറുപ്രായത്തിൽ തന്നെ അവർ ഇതിന് വേണ്ടി തയ്യാറാകുകയാണ്.അതിന് വേണ്ടി അവരെ ഒരുക്കുകയാണ്.എല്ലാം പഠിപ്പിക്കുന്ന സ്കൂളിൽ അല്ല അവർ പോകുന്നത്.അവരെ പ്രത്യേകമായിട്ട് അതിന് വേണ്ടി അഭ്യസിപ്പിക്കുകയാണ്.ഞാൻ അപ്പോൾ ഓർക്കുകയായിരുന്നു അവർ അങ്ങനെ സകലത്തിലും വർജനം ആചരിക്കുകയാണെങ്കിൽ നമ്മളും നമ്മുടെ ജീവിതത്തിൽ ഒരുപാട് കാര്യങ്ങൾ വർജിച്ചാലേ പാറ്റുകയുള്ളൂ. **Detach** എന്നൊരു വാക്ക് ഇംഗ്ലീഷിൽ ഉണ്ട്.ഒരുപാട് കാര്യങ്ങൾ വേർപ്പെടുത്തിയാലേ പറ്റുകയുള്ളൂ.അതാണ് വേർപെട്ട ജീവിതം.ലക്ഷ്യ ബോധമുള്ള ജീവിതം പ്രാപിപ്പാനായിട്ടുള്ള ഓട്ടം ആണ്.അല്ലാതെ അവർ അതിനും ഇതിനും കയറി ഇടപെടുന്നവർ അല്ല.അവർ അവരെ തന്നെ സൂക്ഷിക്കുന്നവരാണ്.അവർക്കറിയാം അവരുടെ വിളിയും തിരഞ്ഞെടുപ്പും എന്താണെന്ന്.അത് എപ്രകാരം തങ്ങളുടെ ജീവിതത്തിൽ സൂക്ഷിക്കണം എന്നുള്ളതും അറിയാം.അങ്ങനെ ഒരു ജീവിതപന്ഥാവിലേക്ക് അത് വ്യക്തമായിട്ട് കാണുവാനായിട്ട് നമ്മളെ തന്നെ താഴ്ത്തി സമർപ്പിക്കണം.പരിശുദ്ധനെ ആ ജീവിതം നയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.അതും അനുഗ്രഹിക്കപ്പെട്ട ജീവിതമാണ് ദൈവമക്കളെ.അദൃശ്യമായിട്ടുള്ള മേഖലകൾ പറയാറുണ്ട്. അദൃശ്യമായിട്ടുള്ള മേഖലകളിൽ ഒക്കെ ഇരിക്കുന്നവരാണ് അദൃശ്യമായത് ദൃശ്യമായതിലേക്ക് കൊണ്ട് വരുന്നത്.അവർ ലോകപ്രകാരം അധികം ഒന്നും ഓടേണ്ട ആവശ്യം ഇല്ല.പക്ഷെ അവർ പ്രാപിച്ച് കൊടുക്കുന്നത് അനേകരെ സ്വർഗീയന്മാർ ആക്കുവാനായിട്ടുള്ളതാണ്.അതാണ് നമുക്ക് വേണ്ടത്.നമുക്ക് അറിയാം ഇന്ന് ഒരു നല്ല പങ്ക് ആളുകളും ലൗകീയമായത് പ്രാപിക്കാനായിട്ട് ആണ് ഓടുന്നത്.

അത് എങ്ങനെ സാധിക്കും? ആ അനുഗ്രഹം എന്താണ്? അത് എങ്ങനെ നമുക്ക് പ്രാപിച്ച് എടുക്കാൻ പറ്റും? ഇതൊക്കെ വിഡിത്തം ആണ്.നമ്മൾ സ്വർഗീയ വിളിക്ക് ഓഹരിക്കാരായിട്ടുള്ളവർ ആണ്.നമ്മളെ സ്വർഗീയന്മാർ ആയിട്ടാണ് വിളിച്ചിരിക്കുന്നത്.നമ്മൾ ദൈവത്തിൽ നിന്ന് ജനിച്ചവർ ആണ്.പഴയ മനുഷ്യനെ മരിപ്പിപ്പാൻ ആയിട്ട് ആത്മാവിലുള്ള പുതിയ മനുഷ്യൻ അതിന്റെ പൂർണ്ണതയിൽ വളരുവാനായിട്ട്, പ്രാപിച്ചെടുക്കുവാനായിട്ട് ഉള്ള സ്വർഗീയമായ വിളിയാണ് എന്ന് നാം മനസ്സിലാക്കണം.അങ്ങനെയുള്ളവർ ആണ് ഈ പ്രത്യാശയിൽ ഉള്ളത്. റോമർ എട്ടാം അദ്ധ്യായം ഇരുപത്തി നാലിൽ പറഞ്ഞിരിക്കുന്ന ആ പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്.ഈ പ്രത്യാശ ഇല്ലായെങ്കിൽ രക്ഷ അത് എന്താണ്? നമ്മോട് തന്നെ ചോദിക്കണം. അവിടെ പ്രത്യാശയുടെ നിലവാരം എവിടെയാണ്? അതോ നിർവിചാരികൾ ആയിട്ടാണോ നാം ജീവിക്കുന്നത്? ലക്ഷ്യമില്ലാത്ത ക്രിസ്തീയ ജീവിതമാണോ? പ്രാർത്ഥനയിൽ നാം എന്താണ് പ്രാർത്ഥിക്കുന്നത്? വചനത്തിലൂടെ എന്ത് പ്രാപിപ്പാനായിട്ടാണ് നാം വചനം പഠിക്കുന്നത്? നിങ്ങൾ വചനം കേൾക്കുവാൻ പഠിക്കുവാൻ ഇവിടെ വന്നിരിക്കുമ്പോൾ എന്താണ് നിങ്ങളുടെ ലക്ഷ്യം? ആ ലക്ഷ്യം ദൈവവചനപ്രകാരം, ദൈവഹിതപ്രകാരം അല്ല എങ്കിൽ നിങ്ങൾ നിങ്ങളുടെ സമയം വെറുതെ പാഴാക്കുകയാണ്,വെറുതെ സമയം നഷ്ടമാക്കുകയാണ്.റോമർ എട്ടാം അദ്ധ്യായം ഇരുപത്തി അഞ്ചാമത്തെ വാക്യത്തിൽ കാണുന്ന പ്രത്യാശയോ പ്രത്യാശ അല്ല ഒരുത്തൻ കാണുന്നതിനായി ഇനി പ്രത്യാശിക്കുന്നത് എന്തിന്? നാം കാണാത്തതിനായി പ്രത്യാശിക്കുന്നു എങ്കിലോ അതിനായി ക്ഷമയോടെ കാത്തിരിക്കുന്നു.അപ്പോൾ നമ്മൾ കാണുന്നതിനാണോ പ്രത്യാശിക്കുന്നത്? എബ്രായർ പതിനൊന്നാം അദ്ധ്യായം ഒന്നാം വാക്യം വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു.എബ്രായർ പതിനൊന്നാം അദ്ധ്യായം മൂന്നാം വാക്യത്തിൽ ഈ കാണുന്ന ലോകത്തിന് ദൃശ്യമായതല്ല കാരണം എന്ന് വരുമാറ് ലോകം ദൈവത്തിന്റെ വചനത്താൽ നിർമിക്കപ്പെട്ടു എന്ന് നാം വിശ്വാസത്താൽ അറിയുന്നു. ഈ ലോകത്തിന് ദൃശ്യമായതല്ല എന്ന് കാരണം വരേണ്ടതിന് ഈ ലോകം ദൈവത്തിന്റെ വചനത്താൽ ആണ് സൃഷ്ടിക്കപ്പെട്ടത്.അദൃശ്യമായിട്ടുള്ള ഒന്നിൽ നിന്നാണ് ദൃശ്യമായത് വെളിപ്പെട്ടിരിക്കുന്നത്.അദൃശ്യമായിട്ടുള്ള മേഖലയിൽ വെളിച്ചം ഉണ്ടാകട്ടെ എന്ന് ദൈവം പറയുമ്പോൾ ആണ് ദൃശ്യമായ മേഖലയിൽ വെളിച്ചം ഉണ്ടാകുന്നത്.എന്നുപറഞ്ഞതുപോലെ അദൃശ്യമായിട്ടുള്ള മേഖലയിൽ നിന്ന് പ്രാപിക്കുന്നത് നാം വിളിച്ച് അറിയിക്കുമ്പോൾ,നാം അത് പകർന്ന് കൊടുക്കുമ്പോൾ അങ്ങനെയാണ് സ്വർഗത്തിന്റെ പ്രകാശനം ഭൂമിയിൽ കൊടുക്കുന്നത്.ഈ പ്രത്യാശ നമുക്ക് ഉണ്ടായിരിക്കണം.കാണുന്നതല്ല കാണാത്തത് അത് നമ്മൾ പ്രാപിച്ചെടുക്കണം.ദൈനം ദിനം ജീവിതത്തിൽ അദൃശ്യമായിട്ടുള്ള മേഖലയിൽ നിന്ന് വിശ്വാസത്താൽ,പ്രത്യാശയാൽ പ്രാപിച്ച് എടുക്കുന്ന നമ്മുടെ പൂർണ്ണമായിട്ടുള്ള രക്ഷയ്ക്ക് വേണ്ടി പ്രാപിച്ച് എടുക്കുന്നത് ആയിട്ടുള്ള ഒരു ജീവിതത്തിലേക്ക് നമ്മൾ വരണം.അത് ഞാൻ ഈ ആലോചനകൾ അറിയിക്കുമ്പോൾ അവരവർ പ്രായോഗിക തലത്തിൽ ഇത് ചോദിച്ച് വാങ്ങിക്കണം.ക്ഷമയോടെ കാത്തിരിക്കണം.റോമർ എട്ടാം അദ്ധ്യായം ഇരുപത്തി ആറ് മുതലുള്ള വാക്യം വായിക്കാം.അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്ക് തുണ നിൽക്കുന്നു വേണ്ടുംപോലെ പ്രാത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ലല്ലോ.ആത്മാവ് തന്നെ ഉച്ചരിച്ച് കൂടാത്ത ഞരക്കങ്ങളാൽ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു.അപ്പോൾ നമുക്ക് അനേകം സത്യങ്ങൾ വെളിപ്പെട്ട് കിട്ടുന്നു.ഇപ്പോൾ കിട്ടുന്നത് അദൃശ്യമായിട്ടുള്ള മേഖലയിൽ ഉള്ള സത്യങ്ങൾ ആണ്.

ഇപ്പോൾ നമുക്ക് കാറ് കിട്ടും വീട് കിട്ടും എന്നൊക്കെ പറഞ്ഞാൽ നമുക്ക് ആത്മാവിന്റെ തുണ ഒന്നും വേണ്ട.നമ്മൾ അങ്ങോട്ട് ചെന്നിട്ട് കർത്താവിനോട് മല്ലിടും കർത്താവേ,കാറ് തരണേ അപ്പാ വീട് തരണേ അപ്പാ എനിക്ക് അത് വേണം അപ്പാ നല്ല ജോലി വേണം അപ്പാ.ഇതെല്ലാം കാണുന്നത് ആണ് ഇവിടെ നമുക്ക് ആത്മാവിന്റെ ആവശ്യം ഒന്നും ഇല്ല.ഇതെല്ലാം ദൈവം നമുക്ക് നൽകുമ്പോൾ നമ്മുടെ ബലഹീനത നമുക്ക് മനസ്സിലാകും. കർത്താവേ ഇതൊന്നും എനിക്ക് അറിഞ്ഞ് കൂടായിരുന്നു.ഈ മേഖല ഒന്നും എനിക്ക് അറിഞ്ഞ് കൂട.എന്താണ് ഈ അദൃശ്യമായത്?.ഈ പ്രത്യാശ എന്താണ് അപ്പാ ? അവിടെ ഒരുക്കി ഇരിക്കുന്ന ഈ രക്ഷ എന്താണ്? ദൈവാത്മാവിനാൽ നടത്തപ്പെടുന്ന ജീവിതം എന്താണ് അപ്പാ? ഇത് എനിക്ക് അറിഞ്ഞ് കൂട അപ്പാ.അവിടെയാണ് നമ്മുടെ ബലഹീനത നമുക്ക് മനസ്സിലാകുന്നത്.റോമർ എട്ടാമത്തെ അദ്ധ്യായം വായിക്കുമ്പോൾ ജഡസ്വഭാവത്തിൽ നിന്ന് ആത്മസ്വഭാവത്തിലേക്ക് എങ്ങനെ ആണ് വരുന്നത്? എന്താണ് ജീവന്റെ ആത്മാവിന്റെ പ്രമാണം? എന്നതൊക്കെ മനസ്സിലാകും.ഉപദേശി പറയുന്നു അല്ലെങ്കിൽ ഉപദേശങ്ങൾ പറയുന്നു റോമർ എട്ടാം അദ്ധ്യായം രണ്ടാം വാക്യം ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തി ഇരിക്കുന്നു കുഞ്ഞുങ്ങളെ നിങ്ങൾക്ക് ആ സ്വാതന്ത്ര്യം ലഭിക്കും.എന്താണപ്പാ ആ സ്വാതന്ത്ര്യം? ഇത് എങ്ങനെയാണ് അപ്പാ എഴുതപ്പെടുന്നത്? ചോദ്യങ്ങളാണ് മുഴുവൻ.നമുക്ക് അറിഞ്ഞ് കൂട.ജഡസ്വഭാവത്തിൽ നിന്ന് എങ്ങനെയാണ് ആത്മസ്വഭാവത്തിൽ വരുന്നത്? റോമർ എട്ടാം അദ്ധ്യായം ഒൻപതാം വാക്യത്തിൽ ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ നിങ്ങൾ ജഡസ്വഭാവം ഉള്ളവർ അല്ല. ആത്മാവ് താൻ നമ്മോട് പറയുന്നു നിങ്ങൾ ദൈവത്തിന്റെ മക്കൾ. റോമർ എട്ടാം അദ്ധ്യായം പതിനാലാം വാക്യത്തിൽ പറയുന്നു ദൈവാത്മാവ് നടത്തുന്ന ഏവരും ദൈവത്തിന്റെ മക്കൾ.പതിമൂന്നാം വാക്യത്തിൽ പറയുന്നു നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം ആത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും.അങ്ങനെ ഒരുപാട് വിഷയങ്ങൾ ഉണ്ട്.ഇതിന് വേണ്ടി ആണ് നമ്മൾ പ്രാർത്ഥിക്കുന്നത്.പക്ഷെ എങ്കിൽ നമുക്ക് അറിഞ്ഞ് കൂട.നമുക്ക് ഒരു [weakness] ബലഹീനത തോന്നും.പ്രാരംഭത്തിൽ നമുക്ക് ഇതൊന്നും അറിഞ്ഞ് കൂട ഇതൊന്നും നമ്മൾ പ്രാപിച്ചിട്ടില്ല.നമ്മൾ പഴയ മനുഷ്യനിൽ അങ്ങ് ജീവിക്കുകയാണ്. പഴയ മനുഷ്യന് പാട്ട് പാടാൻ അറിയാം,അവന് കൈ അടിക്കാൻ അറിയാം,അവന് യോഗത്തിന് വരാൻ അറിയാം,അവന് ഉപവസിക്കാൻ അറിയാം,അവന് വചനം പഠിക്കാൻ അറിയാം,വായിക്കാൻ അറിയാം, വേണെമെങ്കിൽ പ്രസംഗിക്കാൻ അറിയാം പ്രബോധിപ്പിക്കാൻ അറിയാം.എന്നാൽ നമുക്ക് വെളിപ്പെടുന്നത് അതെല്ലാം പഴയ മനുഷ്യനിൽ ആണ് ചെയ്യുന്നത്.പുതിയ മനുഷ്യൻ എങ്ങനെയാണ് ആകുന്നത്? ഈ സ്വഭാവം എങ്ങനെയാണ് വരുന്നത്? ഈ പാതയിൽ എങ്ങനെയാണ് ജീവിക്കേണ്ടത്? ഇതിന്റെ സത്യങ്ങൾ ആത്മാവിൽ നമുക്ക് വെളിപ്പെടുവാൻ തുടങ്ങുമ്പോൾ ഇത് പ്രാപിക്കണം എങ്കിൽ എന്നെ കൊണ്ട് പറ്റുകയില്ല ആത്മാവ് വസിച്ചാലേ പറ്റുകയുള്ളൂ.ആത്മാവിനാൽ പ്രാർത്ഥിച്ചാലേ പറ്റുകയുള്ളൂ.എന്റെ ബലഹീനതയ്ക്ക് തുണ നിൽക്കുവാനായിട്ട് ദൈവത്തിന്റെ ആത്മാവ് ഉണ്ട് എനിക്ക് വേണ്ടുംപോലെ പ്രാർത്ഥിക്കുവാൻ അറിഞ്ഞ് കൂടാ.റോമാലേഖനം എട്ടാം അദ്ധ്യായം ഇരുപത്തി ആറാം വാക്യത്തിൽ പറയുന്നു ആത്മാവ് തന്നെ ഉച്ചരിച്ച് കൂടാത്ത ഞരക്കങ്ങളാൽ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു.അപ്പോൾ നമുക്ക് അറിയാം നമ്മുടെ ബലഹീനത.ആ ബലഹീനതയിൽ നാം ആത്മാവിന്റെ സഹായം തേടുമ്പോൾ നമ്മുടെ ഉള്ള് തന്നെ പറയുന്നു ആത്മാവിനാൽ തന്നെ നടന്നാലേ പറ്റുകയുള്ളൂ

നമ്മൾ ഒരു കസേരയിൽ ഇരിക്കയാണ് അപ്പോൾ വളരെ ബലഹീനമായ ശബ്ദത്തിൽ,ഞാൻ എന്റെ അനുഭവം പറയുകയാണ് കർത്താവേ,എനിക്ക് ഇത് പറ്റുകയില്ല ഇത് എനിക്ക് പ്രാപിച്ച് എടുത്താലേ പറ്റുകയുള്ളൂ.ഇത് അനുഗ്രഹിക്കപ്പെട്ട ജീവിതമാണ്.ആത്മാവിനാൽ ജീവിപ്പാൻ എന്നെ സഹായിക്കണം.ആത്മാവിനാൽ പ്രാർത്ഥിപ്പാൻ എന്നെ സഹായിക്കണം. ആത്മാവിനാൽ എനിക്ക് ഇത് വെളിപ്പെടുത്തി തരണം.ആത്മാവിനാൽ എനിക്ക് ബലം നൽകണം,ഈ വിശ്വാസം നൽകണം അപ്പാ.ഇതെല്ലാം നമ്മൾ പ്രാർത്ഥിക്കുമ്പോൾ നമുക്ക് വേണ്ടി അല്ല നമ്മൾ പ്രാത്ഥിക്കുന്നത്. എഫെസ്യർ ലേഖനത്തിൽ ദൈവപുത്രന്മാരെ അങ്ങോട്ട് നിരത്തി നിർത്തുമ്പോൾ പരിശുദ്ധനായ ദൈവം സർവ്വ സൃഷ്ടികളോടും ദൈവത്തിന്റെ കൃപയുടെ മഹത്വം ആണ് നിൽക്കുന്നത് എന്ന് പറയുന്നതായിട്ടുണ്ട്.നമ്മൾ ഓർക്കും ഞാൻ പ്രാപിച്ചെടുത്തു.ഇല്ല.അവിടെ ചെല്ലുമ്പോൾ നാം സൗമ്യതയുടെയും താഴ്മയുടെയും ഉയർന്ന നിലവാരത്തിൽ ആണ്.കഴിഞ്ഞ ദിവസം നമ്മൾ ചിന്തിച്ചു യോഹന്നാൻ പതിമൂന്നാം അദ്ധ്യായം മൂന്നാം വാക്യം മുതൽ വായിക്കാം.പിതാവ് സകലവും തന്റെ കൈയ്യിൽ തന്നിരിക്കുന്നു എന്നും താൻ ദൈവത്തിന്റെ അടുക്കൽനിന്ന് വന്ന് ദൈവത്തിന്റെ അടുക്കൽ പോകുന്നു എന്നും യേശു അറിഞ്ഞിരിക്കെ അത്താഴത്തിൽ നിന്ന് എഴുന്നേറ്റ് വസ്ത്രം ഊരി വെച്ച് ഒരു തുവർത്ത് എടുത്ത് അരയിൽ ചുറ്റി ഒരു പാത്രത്തിൽ വെള്ളം പകർന്ന് ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണികൊണ്ട് തുവർത്തുവാനും തുടങ്ങി.അപ്പോൾ ഓർത്ത് കൊള്ളണം എവിടെയാണ്? തന്റെ കൈയിൽ.പിതാവ് സകലവും തന്റെ കൈയ്യിൽ തന്നിരിക്കുന്നു എന്നും താൻ ദൈവത്തിന്റെ അടുക്കൽനിന്ന് വന്ന് ദൈവത്തിന്റെ അടുക്കൽ പോകുന്നു എന്നും യേശു അറിഞ്ഞിരിക്കെ ഈ സമയത്താണ് താൻ ഏറ്റവും അവസാനമായി ദാസൻ [servant] ആകുന്നത്.അനേകർക്ക് വേണ്ടി മറുവിലയായിട്ട് കൊടുക്കാൻ പോകുന്നവൻ.തന്റെ ശുശ്രൂഷയുടെ അവസാന നിലവാരത്തിലേക്ക് വരാൻ പോകുന്നു.ഏറ്റവും ഉന്നമായിട്ടുള്ള മേഖലയിലേക്ക് താൻ പോകുന്നു.താൻ കുനിഞ്ഞ് എല്ലാവരുടെയും കാൽ കഴുകുകയാണ്.സൗമ്യതയുടെ ഒരു മേഖല അത് എനിക്ക് നല്ലതുപോലെ വെളിപ്പെട്ടിട്ടുണ്ട്.നമ്മൾ കണ്ട ഒരു ദൈവമല്ല പൊതുവെ കാണുന്നത്. സൗമ്യതയുടെ ഉറവിടമാണ്.ഈ പുത്രൻ . നമ്മൾ വായിച്ചു പാപസംബന്ധമായിട്ട് അവൻ ഒരിക്കലായിട്ട് മരിച്ചു ഇന്ന് ഇപ്പോൾ ജീവിക്കുന്നത്,ഇതെല്ലാം സാധിച്ച് അവിടെ ചെന്നിട്ട് 'പിതാവേ ഇതെല്ലാം ഞാൻ സാധിച്ചിരിക്കുന്നു' എന്നല്ല പറയുന്നത്.ജീവിക്കുന്നത് ദൈവത്തിന് വേണ്ടിയാണ്.ഇന്ന് ഇപ്പോൾ രാവും പകലും പുത്രൻ ഇല്ല പുത്രൻ നമുക്ക് വേണ്ടി കാത്തിരിക്കുകയാണ്.എല്ലാവരും ദൈവ പുത്രന്മാർ ആയി തീരണം എന്നുള്ള ആ വലിയ ആഗ്രഹത്തോടെ,ദീർഘക്ഷമയോടെ കാത്തിരിക്കുകയാണ്.ദൈവദാസനിൽ കൂടെ ഈ വചനം അറിയിക്കുകയാണ്.കാരണം പിതാവിന് തന്നെ പോലെ ഉള്ള ചില പുത്രന്മാരെ ആവശ്യം ഉണ്ട്.അല്ലാതെ എങ്ങനെയെങ്കിലും ഇവിടെ ജീവിച്ചിട്ട് അങ്ങോട്ട് കയറി പറ്റാം,ഏതെങ്കിലും വിധത്തിൽ അങ്ങ് ചെന്നെത്തണം എന്ന് പറയുന്ന ഒരു കൂട്ടത്തെ അല്ല ആവശ്യം.ഇതിന്റെ പൂർണ്ണത പ്രാപിക്കണം എന്ന് ആഗ്രഹിക്കുന്ന കൂട്ടം അവരെ പൂർണ്ണമായിട്ട് രക്ഷിപ്പാൻ കർത്താവ് കാത്തിരിക്കുകയാണ്.എന്നിട്ട് രാജ്യം പിതാവിനെ ഏൽപ്പിക്കുമ്പോൾ പുത്രൻ താൻ പിതാവിനെ അതായത് ദൈവം സകലത്തിലും സകലവും ആകേണ്ടതിന് പുത്രൻ താൻ താണിരിക്കുകയാണ്.തന്നെ താൻ താഴ്ത്തി അവിടെ ഇരിക്കുകയാണ്. അപ്പോൾ അതാണ് സ്വർഗത്തിന്റെ തത്വം.അത് നമ്മളെ പഠിപ്പിക്കുന്നത്, നമ്മളെ സ്വർഗത്തിന്റെ ആ നിലവാരത്തിൽ കൊണ്ട് വരുന്നത് ദൈവത്തിന്റെ ആത്മാവ് ആണ്.റോമാലേഖനം എട്ടാം അദ്ധ്യായം ഇരുപത്തി ആറാം വാക്യത്തിന്റെ രണ്ടാം ഭാഗം മുതൽ വായിക്കാം ആത്മാവ് തന്നെ ഉച്ചരിച്ച് കൂടാത്ത ഞരക്കങ്ങളാൽ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു.

എന്നാൽ ആത്മാവ് വിശുദ്ധർക്ക് വേണ്ടി ദൈവഹിത പ്രകാരം പക്ഷവാദം ചെയ്യുന്നത് കൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്ന് ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു.എന്നിട്ടാണ് പറയുന്നത് റോമാലേഖനം എട്ടാം അദ്ധ്യായം ഇരുപത്തിയെട്ടാം വാക്യം എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണയപ്രകാരം വിളിക്കപ്പെട്ടവർക്കും തന്നെ, സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന് നാം അറിയുന്നു.എന്നിട്ടാണ് റോമാലേഖനത്തിന്റെ ലക്ഷ്യം അല്ലെങ്കിൽ 'destination' വാക്യം.ഇരുപത്തി ഒൻപതാം വാക്യം അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു. നമുക്ക് അത് അറിഞ്ഞ് കൂട.കർത്താവേ, ഇത് എന്താണ്? അവിടെയാണ് ആത്മാവ് നമ്മളെ സഹായിക്കുന്നത്.ഈ പാത എനിക്ക് അറിഞ്ഞ് കൂട അപ്പച്ചാ.ആത്മാവ് സഹായിക്കും.ഈ വചനം എനിക്ക് വെളിപ്പെടുത്തി തരണം.ആത്മാവ് സഹായിക്കും.ആത്മാവിന്റെ വലിയ പ്രവൃത്തി ആണ്. എന്തിന്? ആത്മാവ് എന്തിനാണ് സഹായിക്കുന്നത്? നമ്മൾ അവിടെ ചെന്ന് ഞാൻ എന്തോ ആണ് എന്ന് കാണിക്കുവാനായിട്ടല്ല പിന്നെയോ പുത്രനായ യേശുകർത്താവിനെ പോലെ സൗമ്യതയും താഴ്മയും ഉള്ള ഒരു കൂട്ടം ആകണം.ഇതെല്ലാം പ്രാപിക്കുന്ന മേഖലയിലും തന്റെ ശിഷ്യന്മാരുടെ കാൽ കഴുകുന്ന സൗമ്യനായ,ദാസനായ യേശുകർത്താവ് ഇന്ന് പിതാവിന്റെ വലത്ത് ഭാഗത്ത് ഇരിക്കുമ്പോൾ പിതാവിന്റെ അനുസരണയിൽ ഇരിക്കുന്നു.രാജ്യം പിതാവിനെ ഏൽപ്പിക്കുമ്പോൾ അവിടെയും താഴ്മയോടെ പിതാവിന്റെ ദാസനായിട്ട് ഇരിക്കുന്ന യേശുകർത്താവ്.പിതാവ് സകലത്തിലും സകലവും ആകേണ്ടതിന് പുത്രൻ തനിക്ക് താൻ സാധിപ്പിച്ച് കൊടുത്ത ആ ദൈവത്തിന്റെ കാൽ കീഴെ താണിരിക്കുന്നു.ഇത് ദൈവീക മർമ്മമാണ്.ഞാൻ ഇത് നിങ്ങളോട് അറിയിക്കുമ്പോൾ ഇത് സത്യമാണെന്ന് എനിക്ക് അറിയാം പക്ഷെ എങ്കിൽ ഇത് നിശ്ചലമായ [ still ] മർമ്മമാണ്.ഇതാണോ സ്വർഗ്ഗം? ഇതാണോ സ്വർഗത്തിന്റെ തത്വം? അങ്ങനെ തന്നെയാണ് ഒരു സംശയവും ഇല്ല. നമ്മുടെ ഭാവനയിൽ ഇന്ന് ലോകത്തിൽ കാണുന്നത് പോലെ അല്ല സ്വർഗത്തെ കാണുന്നത്.ഇത് ആത്മീകമാണ്.അത് കാണണം എങ്കിൽ, അത് അൽപ്പമായിട്ട് ഗ്രഹിക്കണം എങ്കിൽ നീ ഒരു ആത്മപുരുഷൻ ആയെങ്കിലേ പറ്റുകയുള്ളൂ.ഈ പറയുന്ന ആത്മ വളർച്ചയിലേക്ക് വന്നെങ്കിൽ മാത്രമേ സ്വർഗീയമായതിന്റെ പ്രത്യേകത നമുക്ക് കാണുവാനായിട്ട് കഴികയുള്ളൂ.റോമാലേഖനം എട്ടാം അദ്ധ്യായം ഇരുപത്തിയൊൻപതാം വാക്യം അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതനാകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ നമ്മെ മുൻനിയമിച്ചുമിരിക്കുന്നു.ഇത് മനസ്സിലാക്കണം.റോമാലേഖനം എട്ടാം അദ്ധ്യായം മുപ്പതാമത്തെ വാക്യം വാക്യം അവൻ മുൻനിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്സ്ക്കരിച്ചും ഇരിക്കുന്നു.നീതീകരണം എന്തിനാണ്? തേജസ്സ്ക്കരണത്തിനാണ്.നീതീകരിക്കപ്പെട്ടാൽ എങ്ങനെയാണ് ജീവിക്കേണ്ടത്? ആത്മാവിനാൽ.ഗലാത്യർ അഞ്ചിന്റെ പതിനാറാം വാക്യത്തിൽ ആത്മാവിനെ അനുസരിച്ച് നടക്ക എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല.റോമാലേഖനം എട്ടാം അദ്ധ്യായം ഒന്നും രണ്ടും വാക്യങ്ങൾ അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിൽ ഉള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു.റോമാലേഖനം എട്ടാം അദ്ധ്യായം നാലാം വാക്യം ജഡത്തെയല്ല ആത്മാവിനെ അത്രേ അനുസരിച്ച് നടക്കുന്ന നിങ്ങളിൽ ന്യായപ്രമാണത്തിന്റെ നീതി നിവർത്തി ആകേണ്ടതിന് തന്നെ.

ജഡസ്വഭാവത്തിൽ നിന്ന് ആത്മസ്വഭാവത്തിലേക്ക്,ജഡത്തിന്റെ ചിന്തയിൽ നിന്ന് ആത്മാവിന്റെ ചിന്തയിലേക്ക്,ദൈവവചനത്തിന് കീഴ്പ്പെടുന്ന ഒരു കൂട്ടം ദൈവ ആത്മാവ് വസിക്കുന്ന ഒരു കൂട്ടം,ദൈവ ആത്മാവിനാൽ നടത്തപ്പെടുന്ന കൂട്ടമാണ് വാസ്തവമായിട്ടുള്ള ദൈവമക്കൾ.അബ്ബാ പിതാവേ എന്ന് വിളിക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെ ലഭിച്ചതായിട്ടുള്ള കൂട്ടത്തിന് അവരിൽ പകന്നിരിക്കുന്ന ആത്മാവ് ഏതാണെന്ന് നിശ്ചയത്തോടുകൂടെ അവർക്ക് അറിയാം അവരിൽ പകന്നിരിക്കുന്ന ആത്മാവ്. ക്രിസ്തുവിനോകൂടെ കൂട്ടവകാശികൾ അവനോടുകൂടെ കഷ്ടമനുഭവിപ്പാൻ ഒരുക്കമുള്ളവർ അത് എന്തായിരുന്നാലും സന്തോഷത്തോടുകൂടെ ആസ്വദിക്കുവാനായിട്ടുള്ള ഒരു കൂട്ടം.നമുക്ക് വരുവാനുള്ള വെളിപ്പാടിനെ അല്ലെങ്കിൽ തേജസ്സ്ക്കരണത്തിന്റെ അൽപ്പമായിട്ടുള്ള പ്രകാശനം ലഭിക്കുന്ന ഒരു കൂട്ടം.ആ പ്രത്യാശയിൽ ജീവിക്കുന്ന ഒരു കൂട്ടം ആ പ്രത്യാശയാൽ ലോകത്തെ ചവറ് എന്ന് എണ്ണുന്ന കൂട്ടം അങ്ങനെയൊരു കൂട്ടമാണ് ഇത് പ്രാപിച്ചെടുക്കുവാനായിട്ട് പോകുന്നത്.യേശുകർത്താവിന്റെ അനുരൂപികളായിട്ടുള്ള കൂട്ടം.റോമർ എട്ടാം അദ്ധ്യായം മുപ്പത്തി ഒന്നുമുതലുള്ള വാക്യം വായിക്കുമ്പോൾ ഇത് സംബന്ധിച്ച് നാം എന്ത് പറയേണ്ടു? ഏത് സംബന്ധിച്ച്? നമ്മുടെ തേജസ്സ്കരണം സംബന്ധിച്ച് നമ്മുടെ ഉന്നതമായിട്ടുള്ള വിളി ക്രിസ്തുവിന് അനുരൂപമായിട്ടുള്ള ഒരു സ്വർഗീയമായിട്ടുള്ള അവസ്ഥ ഇതിനെ കുറിച്ച് നാം എന്ത് പറയേണ്ടു? ഇത്രയും കേൾക്കുമ്പോൾ നമുക്ക് സംശയം തോന്നും.ഇതൊക്കെ ശരിയാണോ? ഒരു കൂട്ടം ഇത് കേട്ടിരിക്കും അതിൽ യാതൊരു പ്രതികരണവും ഇല്ല.ഒന്നും പ്രവർത്തിക്കുന്നില്ല കാരണം ലോകം.എന്നാൽ നാം എന്ത് പറയേണ്ടു? നാം എന്താണ് ഇതിനെ കുറിച്ച് പറയുന്നത്? അപ്പോസ്തലൻ പറയുകയാണ് കുഞ്ഞുങ്ങളെ,നിങ്ങൾക്ക് എതിരായിട്ട് ഒരുപാട് ശക്തികൾ ഉണ്ട്.നമ്മളും പറയുകയാണ്.അൽപ്പം പ്രകാശനം ലഭിച്ചവർ പറയും എനിക്ക് എതിരായിട്ട് ഒരുപാട് ശക്തികൾ ഉണ്ട്.എന്റെ ജഡം ഒരു ശക്തിയാണ് അതിനകത്ത് ഒരുപാട് അവസ്ഥകൾ ഉണ്ട് അപ്പാ ഞാൻ എങ്ങനെയാണ് ഇതിനെ അതിജീവിക്കുന്നത്? എന്റെ ചുറ്റുപാടുകൾ നോക്കിക്കയാൽ ഇതെല്ലം എനിക്ക് തടസ്സം ആണ്.ഈ പറയുന്ന പ്രാർത്ഥന ജീവിതം എനിക്ക് അറിഞ്ഞ് കൂടാ.എനിക്ക് വചനത്തിന്റെ ഒരു പ്രകാശനവും ഇല്ല അപ്പാ.എനിക്ക് വചനം അറിഞ്ഞ് കൂടാ.ഞാൻ എങ്ങനെയാണിത് പ്രാപിച്ച് എടുക്കുന്നത്.റോമർ എട്ടാം അദ്ധ്യായം മുപ്പത്തി ഒന്നാം വാക്യത്തിൽ അപ്പോസ്തലൻ നമ്മെ അറിയിക്കുകയാണ് ദൈവം നമുക്ക് അനുകൂലം എങ്കിൽ പ്രതികൂലം ആർ? ദൈവം നമുക്ക് അനുകൂലം എങ്കിൽ പ്രതികൂലമായിട്ടുള്ള അവസ്ഥ എന്ത്? എന്നിട്ട് റോമാലേഖനം എട്ടാം അദ്ധ്യായം മുപ്പത്തി രണ്ടാം വാക്യത്തിൽ പറയുകയാണ് സ്വന്ത പുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏൽപ്പിച്ച് തന്നവൻ അവനോട് കൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ? എത്രപേർക്ക് ഇത് മനസ്സിലായി? ഇന്ന് മിക്കവാറും എല്ലാവരും ഈ രക്തം മാത്രം പറഞ്ഞ് കൊണ്ട് ഇരിക്കുകയാണ്.ഓ, എനിക്ക് പാപമോചനം കിട്ടി ഇനി ഇപ്പോൾ കുഴപ്പമില്ല.എനിക്ക് കൃപ കിട്ടി കുഴപ്പമില്ല.അവിടെയിരിക്കുകയാണ്. ഇതിനെ കുറിച്ചുള്ള വെളിപ്പാട് ഇല്ല ആ വെളിപ്പാട് കിട്ടി ഇരുന്നെങ്കിൽ. അപ്പോൾ നിങ്ങൾ ഈ വചനം കേൾക്കുമ്പോൾ ഈ ജീവിതത്തിലേക്ക് വരുവാൻ ആരുടെ ഒക്കെ ഉള്ളിൽ ആഗ്രഹം ഉണ്ട്? ഇത് പ്രാപിച്ച് എടുക്കുവാനായിട്ട് ആർക്കൊക്കെ ആഗ്രഹം ഉണ്ട്? എന്നാൽ മറുഭാഗത്ത് ഒരു ചിന്ത എങ്ങനെ ഇത് സാധിക്കും? എന്നെ കൊണ്ട് അത് സാധിക്കും. അതുകൊണ്ടാണ് പരിശുദ്ധാത്മാവ് നമ്മെ അത് ഒർപ്പിക്കുന്നത് കുഞ്ഞേ, നിന്നെ പാപത്തിൽ നിന്ന്,ആ പടു കുഴിയിൽ നിന്ന്,ചെളികുഴിയിൽ നിന്ന് നിന്നെ വീണ്ടെടുപ്പാൻ ദൈവപുത്രനെ നിനക്ക് വേണ്ടി നൽകി

എങ്കിൽ റോമൻ എട്ടാം അദ്ധ്യായം മുപ്പത്തിരണ്ടാം വാക്യത്തിൽ ഇങ്ങനെ പറയുന്നു സ്വന്ത പുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏൽപ്പിച്ച് തന്നവൻ അവനോട് കൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ? എന്താണ് സകലവും? ഈ പൂർണ്ണതയിലേക്ക് വരുവാനായിട്ടുള്ള സകലതും.ഈ ആത്മനിറവിൻ ജീവിതത്തിന് വേണ്ടിയുള്ള സകലവും,ആത്മാവിനെ അനുസരിച്ച് ജീവിക്കുവാനായിട്ടുള്ളത്, ജീവന്റെ ആത്മാവിന്റെ പ്രമാണം പൂർണ്ണതയിലേക്ക് നൽകുവാനായിട്ട്,ദൈവാത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുവാനായിട്ട് ദൈവാത്മാവിൽ നടത്തപ്പെടും എന്ന് നമുക്ക് ഉറപ്പാണ്.ദൈവത്തിന്റെ ആത്മാവ് നമ്മോട് പറയുന്നു നിങ്ങൾ ദൈവത്തിന്റെ മക്കളാണ് മോനെ.ദൈവം നിന്നോട് കൂടെ ഉണ്ട്. അപ്പോൾ നമ്മൾ ഓർക്കും രക്തത്താൽ ഒരു വീണ്ടെടുപ്പ്,പാപത്തിൽ നിന്ന് നമുക്ക് ഒരു മോചനം പിന്നെ എങ്ങനെ ആണ്? അത് ഒരു തുടക്കം ആണ് ദൈവമക്കളേ, ഇന്ന് പിതാവിന്റെ വലത്ത് ഭാഗത്ത് ഇരുന്ന് നമുക്ക് വേണ്ടി സർവ്വതും പ്രാപിച്ചെടുത്തവനായ യേശുകർത്താവ് നിറവാണ്, സമ്പൂർണ്ണതയാണ്.താൻ വന്നപ്പോൾ തന്നെ ദൈവത്തിന്റെ സമ്പൂർണ്ണതയുമായിട്ടാണ് വന്നത്.സർവ്വ സമ്പൂർണ്ണതയാണ് തന്റെ ദേഹരൂപത്തിൽ ഇരുന്നത്.അങ്ങനെ ആണെങ്കിൽ സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ലഭിച്ച് നമുക്ക് വേണ്ടി ദൈവപുത്രന്മാരെ വാർത്തെടുക്കുവാനായിട്ട് താൻ ഇന്ന് മുഴുവൻ സമയവും പിതാവിന്റെ വലത്ത് ഭാഗത്ത് പൂർണ്ണനിറവിൽ ഇരിക്കുന്നു എന്നിട്ട് നമ്മോട് പറയുന്നു ഞാൻ എന്റെ ആത്മാവിനെ നിങ്ങളിലേക്ക് അയയ്ക്കുന്നു.ഈ ആത്മാവ് നിങ്ങളെ പൂർണ്ണരാക്കുവാൻ എനിക്കുള്ളതിൽ നിന്ന് സകലതും നിങ്ങൾക്ക് എടുത്ത് തരും.ഈ ഭൂമിയിൽ ആയിരിക്കുമ്പോൾ തന്നെ ഈ ഉന്നതമായിട്ടുള്ള അനുഭവത്തിലേക്ക് കൊണ്ട് വരുവാനായിട്ട് എന്റെ ആത്മാവിനെ ഞാൻ നിങ്ങൾക്ക് നൽകിയിരിക്കുകയാണ്.പരിശുദ്ധാത്മാവ് അല്ലെങ്കിൽ ദൈവത്തിന്റെ ആത്മാവ് നമ്മോട് ചോദിക്കുകയാണ്,നമ്മെ ഉണർത്തുകയാണ് റോമൻ എട്ടാം അദ്ധ്യായം മുപ്പത്തിരണ്ടാം വാക്യത്തിൽ ഇങ്ങനെ പറയുന്നു.സ്വന്ത പുത്രനെ ആദരിക്കാതെ നമുക്കെല്ലാവർക്കും വേണ്ടി ഏൽപ്പിച്ച് തന്നവൻ അവനോട് കൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ? നൽകും ദൈവമക്കളെ. നിന്റെ ആവശ്യങ്ങൾ എന്താണ്? ഞാൻ ഈ പറയുന്നത് ലോകത്തിന്റെ കാര്യമല്ല.അതൊന്നും ചിന്തിക്കേണ്ട ആവശ്യം പോലും ഇല്ല കാരണം നമ്മൾ ഇപ്പോൾ സ്വർഗീയ യാത്രയിൽ ആണ്.അതിന് വേണ്ടിയതൊക്കെ തരും.മന്നയൊന്നും അവർ നേരത്തെ ചോദിച്ചില്ല.മിസ്രയിമിൽ നിന്ന് ഇറങ്ങുന്നതിന് മുൻപ് തന്നെ സ്വർഗത്തിൽ കാര്യം ക്രമീകരിച്ച് കഴിഞ്ഞു. എന്റെ ജനം വരുന്നു അവർക്ക് വേണ്ടി മന്ന ഒരുക്കണം.നമുക്ക് അത് ഒരുക്കീട്ടുണ്ട്.എന്നാൽ ഇത് പ്രാപിച്ചെടുക്കുവാനായിട്ട്,ആ വിശ്വാസം നമ്മളിലേക്ക് വ്യാപാരിക്കുവാനായിട്ട് പാപത്തിന്റെ പിടിയിൽ നിന്ന് രക്ഷിച്ചു എന്ന് ഉറപ്പാണ്.നമ്മളെ പൂർണ്ണരാക്കുവാനായിട്ട് ദൈവം വിശ്വസ്തൻ ആണ് മതിയായവൻ ആണ് ഇതിന് കഴിവുള്ളവനും ആണ്.ഇത് നമ്മൾ വിശ്വസിക്കണം.റോമർ എട്ടാം അദ്ധ്യായം മുപ്പത്തിരണ്ടാം വാക്യം സ്വന്ത പുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏൽപ്പിച്ച് തന്നവൻ അവനോട് കൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ? ദൈവം തിരഞ്ഞെടുത്തവനെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം ശിക്ഷവിധിക്കുന്നവൻ ആർ? ക്രിസ്തുയേശു മരിച്ചവൻ. മരണം മാത്രമല്ല, നമുക്കറിയാം മരണത്തിലൂടെ ആണ് പാപമോചനം.ആ മരണത്തിലൂടെ ആണ് തന്റെ ശരീരം ആകുന്ന തിരശ്ശീല കീറിയത്. എന്നാൽ അവിടെ നിൽക്കുന്നില്ല.മരിച്ചിട്ട് ഉയർത്തെഴുന്നേറ്റവൻ തന്നെ.അപ്പോൾ അടുത്ത നിലവാരം ആണ്.അവിടെ മാത്രമല്ല ദൈവമക്കളെ

റോമാലേഖനം എട്ടാം അദ്ധ്യായം മുപ്പത്തി നാലാം വാക്യത്തിൽ അവൻ ദൈവത്തിന്റെ വലത്ത് ഭാഗത്ത് ഇരിക്കുകയും നമുക്ക് വേണ്ടി പക്ഷവാദം കഴിക്കുകയും ചെയ്യുന്നു.എന്തിനാണ് പക്ഷവാദം കഴിക്കുന്നത്? നമ്മളെ പൂർണ്ണരാക്കുവാൻ.ദൈവത്തിന്റെ വലത്ത് ഭാഗത്ത് ഇരിക്കുന്നതായിട്ടുള്ള മഹാപുരോഹിതനായ തേജസ്സ്ക്കരിക്കപ്പെട്ട യേശുകർത്താവിനെയാണ്.എന്തിനാണ് അവിടെ ഇരിക്കുന്നത്? നമ്മളെ പൂർണ്ണമായിട്ട് രക്ഷിപ്പാൻ.എന്തിനാണ് കർത്താവ് അവിടെ ഇരിക്കുന്നത്? നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുവാനായിട്ട്.എന്തിനാണ് കർത്താവ് അവിടെ ഇരിക്കുന്നത്? നമുക്ക് എതിരായിട്ട് നിൽക്കുന്ന സകല ശത്രുക്കളെയും തന്റെ പാദപീഠമാക്കുവാനായിട്ട് ആണ് പിതാവിന്റെ വലത്ത് ഭാഗത്ത് ഇരിക്കുന്നത്.പിതാവ് പറയുകയാണ് നിന്റെ ശത്രുക്കളെ പാദപീഠമാക്കുവാൻ നീ എന്റെ വലത്ത് ഭാഗത്ത് ഇരിക്ക.നമ്മുടെ ശത്രുക്കളാണ്,അത് നമുക്ക് എതിരായിട്ട് നിൽക്കുന്നതാണ്,നമ്മുടെ ആത്മീകവർദ്ധനവിന്,നമ്മുടെ ആത്മീക വളർച്ചയ്ക്ക് എതിരായിട്ട് നിൽക്കുന്ന ശക്തിയാണ്.നമ്മുടെ അജ്ഞതയെന്ന് പറയുന്നത് ഒരു ശക്തിയാണ്.അജ്ഞത എന്ന് പറയുന്നത് Ignorance [അറിവില്ലായ്മ]. നമ്മുടെ കുരുട്ട് കണ്ണുകൾ ലോകത്തിന്റേത് ആയിട്ടുള്ള മായ, ലോകത്തിന്റെ വഞ്ചന,നമ്മുടെ ജഡം ആകുന്ന വഞ്ചന.ഇങ്ങനെ അനേകം ശക്തികൾ നമുക്ക് എതിരായിട്ട് നിൽക്കുകയാണ്.എന്നാൽ പിതാവ് പുത്രനോട് പറയുകയാണ് നീ എന്റെ വലത്ത് ഭാഗത്ത് ഇരിക്കുക.എന്തിനാണ്? ഈ ദൈവപുത്രന്മാർ ആകുവാൻ തിരഞ്ഞെടുത്തത് ആയിട്ടുള്ള ഈ ജീവിതങ്ങൾക്ക് എതിരായിട്ട് നിൽക്കുന്ന ശത്രുക്കളെ പാദപീഠം ആക്കുവാൻ,അവരെ പൂർണ്ണരാക്കുവാനായിട്ട്,അവരെ നിത്യതയുടെ പൂർണ്ണ അവകാശത്തിലേക്ക് കൊണ്ട് വരുവാനായിട്ട് എന്റെ വലത്ത് ഭാഗത്ത് ഇരിക്കുക.യേശുകർത്താവ് നമ്മോട് പറയുന്നത് കുഞ്ഞുങ്ങളെ നിങ്ങൾ വരേണ്ടതായിട്ടുള്ള ഈ വിശുദ്ധ മന്ദിരത്തിലേക്ക് നിങ്ങൾക്ക് വേണ്ടി ഞാൻ മുൻപേ ചെന്ന് പിതാവിന്റെ വലത്ത് ഭാഗത്ത് ഇരിക്കുകയാണ്. എന്നിട്ട് നമ്മളെ വിളിക്കുകയാണ് നിങ്ങൾ വെളിമ്പറപിൽ കിടക്കേണ്ടവർ അല്ല,നിങ്ങൾ പ്രാകാരത്തിൽ നിൽക്കേണ്ടവർ അല്ല തിരശ്ശീലയെല്ലാം കീറി വഴി ഞാൻ തുറന്നു.രക്തത്തിൽ ആശ്രയിച്ച് കൊണ്ട് ധൈര്യമായിട്ട് ഈ വിശുദ്ധ മന്ദിരത്തിലേക്ക് വന്നാട്ടെ.പിതാവും പുത്രനും ഇരിക്കുന്നതായിട്ടുള്ള വിശുദ്ധ മന്ദിരം,കോടാനുകോടി ദൂതന്മാർ വസിക്കുന്നതായിട്ടുള്ള വിശുദ്ധ മന്ദിരത്തിലേക്ക് അങ്ങോട്ട് കയറി ചെന്നാട്ടെ.ആ സാന്നിധ്യത്തിൽ ഇരിക്കുമ്പോൾ നിങ്ങൾക്ക് ഇത് വെളിപ്പെട്ട് കിട്ടുവാൻ പോകുകയാണ്.അതിരാവിലെ ആ വിശുദ്ധ മന്ദിരത്തിൽ ഏകാഗ്രതയിൽ ആ രഹസ്യത്തിൽ ഇരിക്കുന്ന പിതാവിന്റെ പാദപീഠത്തിൽ ഇരിക്കുമ്പോൾ പിതാവ് മാത്രമല്ല ഇന്ന് പുത്രൻ,നമ്മുടെ മഹാപുരോഹിതൻ,നമുക്ക് വേണ്ടി സകലവും നന്നായി ചെയ്യുന്നവൻ നമ്മെ പൂർണ്ണരാക്കുവാനായിട്ട് മതിയായ കർത്താവും കൂടെ അവിടെ ഉണ്ട്.ആ സാന്നിധ്യത്തിൽ നാം ഇരിക്കുമ്പോൾ നമ്മുടെ അകക്കണ്ണ് തുറക്കുകയാണ് ആ സാന്നിധ്യത്തിൽ നമ്മൾ ഇരിക്കുമ്പോൾ ദൈവത്തിന്റെ വചനം നമുക്ക് വെളിപ്പെടുകയാണ്.ആ സാന്നിധ്യത്തിൽ നാം ഇരിക്കുമ്പോൾ ആ സാന്നിധ്യം തന്നെ നമ്മെ ശുദ്ധീകരിക്കുകയാണ്, നമ്മളെ വിശുദ്ധീകരിക്കുകയാണ്.എന്റെ സാന്നിധ്യത്തിൽ ആലയത്തിലെ ഉപകരണങ്ങൾ പുരോഹിതന്മാർ വിശുദ്ധീകരിക്കപ്പെടും എന്ന് പറയുന്നത് പോലെ അതിലും ഉന്നതമായിട്ടുള്ള അനുഭവം ആണ്. ഇത് യഥാർത്ഥമായിട്ടുള്ള ആലയം ആണ് ദൈവമക്കളെ. ഇത് കല്ല് കൊണ്ടും മണ്ണ് കൊണ്ടും ഉണ്ടാക്കിയത് അല്ല,ഇത് ഈ സൃഷ്ടിയിൽ ഉൾപ്പെട്ടതല്ല ഇത് അദൃശ്യം,ഇത് സ്വർഗീയമാണെന്ന് ഉള്ള കാര്യം മറന്ന് പോകരുത്.അവിടേക്കാണ് നമുക്ക് പ്രവേശനം ലഭിച്ചിരിക്കുന്നത്. അപ്പോൾ ഇതിനെ കുറിച്ച് നാം എന്ത് പറയുന്നു?

റോമർ എട്ടാം അദ്ധ്യായം മുപ്പത്തി ഒന്നാം വാക്യത്തിൽ ദൈവം നമുക്ക് അനുകൂലം എങ്കിൽ നമുക്ക് പ്രതികൂലം ആർ? ലോകശക്തികൾ നമുക്ക് പ്രതികൂലം ആണ് പക്ഷെ ദൈവം,സർവ്വശക്തനായ,പിതാവായ ദൈവം,പുത്രനാം ദൈവം നമുക്ക് അനുകൂലം എങ്കിൽ പ്രതികൂലം ആർ? നമ്മുടെ ഒഴികഴിവ് എല്ലാം എടുത്ത് പുറത്ത് കളഞ്ഞാട്ടെ.നമുക്ക് വേണ്ടി എല്ലാം നന്നായി ചെയ്തവൻ,നമ്മളെ വീണ്ടെടുത്തവൻ,പാപത്തിൽ നിന്ന് നമ്മളെ രക്ഷിച്ചവൻ,തേജസ്സിന്റെ ആ പൂർണ്ണതയിലേക്ക് നമ്മെ കൊണ്ട് വരുവാൻ അവൻ മതിയായവൻ ആണ്.പിതാവിന്റെ വലത്ത് ഭാഗത്ത് നമ്മുടെ ഉത്തരത്തിന് വേണ്ടി കാത്തിരിക്കുകയാണ്.നീ മുൻപോട്ട് ചെല്ലുമ്പോൾ നീ ഇത് പ്രാപിപ്പാൻ തക്കവണ്ണം നിന്നെ തന്നെ സമർപ്പിച്ച് കൊണ്ട് ഓടുവാനായിട്ട് പരിശുദ്ധന്റെ പാദപീഠത്തിൽ ചെല്ലുമ്പോൾ ആണ് ഈ പ്രവർത്തിയുടെ മഹത്വം നീ അനുഭവിച്ച് അറിയുവാനായിട്ട് പോകുന്നത്, നിനക്ക് അസാദ്ധ്യം എന്ന് തോന്നുന്നത് സാധ്യമായി തീരുവാൻ പോകുന്നത്.അവിടെ മനുഷ്യന്റെ കരം അല്ല,നിന്റെ ബുദ്ധിയല്ല,നിന്റെ പരിശ്രമം അല്ല നിന്റെ കണക്കുകൂട്ടലുകൾ അല്ല അദൃശ്യമായിട്ടുള്ള മേഖലകൾ അദൃശ്യമായിട്ടുള്ള കരങ്ങൾ അദൃശ്യമായിട്ടുള്ള ഒന്ന് ചെയ്യുകയാണ്.അത് എന്താണ്? നിങ്ങളെ പൂർണ്ണരാക്കുവാനായിട്ട് ഈ ലോകത്തെ ജയിക്കുവാനായിട്ടുള്ള ശക്തി ആർജ്ജിക്കുവാൻ തക്കവണ്ണം, ജഢത്തെ അതിന്റെ രാഗമോഹങ്ങളോട് കൂടെ ക്രൂശീകരിക്കുവാൻ തക്കവണ്ണം വലിയ അദൃശ്യ മേഖല,അദൃശ്യമായിട്ടുള്ള ഒരു പ്രവർത്തി നടക്കുകയാണ്.അതാണ് നമ്മളെ പൂർണ്ണരാക്കുന്നത്.തേജസ്സിലേക്ക് ഒരു യാത്ര.എബ്രായർ രണ്ടാം അദ്ധ്യായം പത്താം വാക്യത്തിൽ സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനുമായവൻ അനേകം പുത്രൻമാരെ തേജസ്സിലേക്ക് നടത്തുന്ന ആ മനോഹരമായിട്ടുള്ള കാഴ്ച്ച അല്ലെ? റോമർ എട്ടാം അദ്ധ്യായം മുപ്പത്തിയഞ്ച് മുതലുള്ള വാക്യങ്ങൾ.ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നത് ആർ? ഒരു ശക്തിക്കും കഴികയില്ല ദൈവമക്കളെ.കഷ്ടതയോ? സങ്കടമോ? ഉപദ്രവമോ? പട്ടിണിയോ? നഗ്നതയോ? ആപത്തോ? വാളോ? നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു അറുപ്പാനുള്ള ആടുകളെ പോലെ ഞങ്ങളെ എണ്ണുന്നു എന്ന് എഴുതിയിരിക്കുന്നുവല്ലോ.നമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണ ജയം പ്രാപിക്കുന്നു.മരണത്തിനോ? ജീവനോ? ദൂതന്മാർക്കോ? വാഴ്ച്ചകൾക്കോ? അധികാരങ്ങൾക്കോ? ഇപ്പോഴുള്ളതിനോ? വരുവാനുള്ളതിനോ? ഉയരത്തിനോ? ആഴത്തിനോ? മറ്റ് യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽ ഉള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുവാൻ കഴികയില്ല എന്ന് ഞാൻ ഉറച്ചിരിക്കുന്നു. പ്രാപിപ്പാൻ തക്കവണ്ണം ഓടിക്കാട്ടെ.ഈ ആത്മീക മേഖല നിങ്ങൾ കണ്ട് പിടിച്ചാട്ടെ.ഇത് തുറന്ന് കിടക്കുകയാണ്.എന്നാൽ അദൃശ്യമാണ്.ഇത് പ്രാപിച്ച് എടുക്കണം പൂർണ്ണർ ആകണം.നമ്മുടെ ഒഴികഴിവ് പറഞ്ഞ് ഇരിക്കരുത്.ഇന്നത്തെ ദുരുപദേശങ്ങളിൽ,കള്ള ഉപദേശങ്ങളിൽ, വഞ്ചനയുടെ ആത്മാവിൽ ഒന്നും പെട്ട് പോകരുത്.പ്രാപിപ്പാൻ തക്കവണ്ണം ഓടുക.നമ്മുടെ വിളി ഉന്നതമാണ്,സ്വർഗീയമാണ്.പ്രാപിപ്പാൻ തക്കവണ്ണം ഓടുക.കർത്താവ് കൂടെ ഉണ്ട്.തന്റെ ആത്മാവിനെ നമുക്ക് നൽകിയിരിക്കുന്നു.ഏത് ബലഹീനതകളിലും നമുക്ക് തുണയായിട്ട് ഉണ്ട്, കാര്യസ്ഥനായിട്ട് നമ്മോട് കൂടെ ഉണ്ട്.ആത്മാവിന്റെ കരങ്ങളിലേക്ക് നമ്മുടെ ജീവനെ കൊടുക്കുക.തന്റെ കൈപ്പണിയായിട്ട് നമ്മെ വളർത്തി എടുക്കും.നമ്മളെ പൂർണ്ണർ ആക്കും.തേജസ്സിലേക്ക്,ആ വലിയ പ്രത്യാശയിലേക്ക് നമ്മെ നടത്തും.ആ സത്യത്തിന്റെ ആത്മാവ് എന്ന കാര്യസ്ഥനുമായിട്ട് അഭേദ്യബന്ധത്തിലേക്ക് വന്നാട്ടെ.വ്യക്തിപരമായി കർത്താവിനെ അറിയുവാനായിട്ട്,ആത്മാവിനാൽ നടത്തപ്പെടുവാൻ ആയിട്ട് നമ്മളെ തന്നെ താഴ്ത്തിക്കാട്ടെ സമർപ്പിച്ചാട്ടെ.

ഇതിനകത്ത് ഇരിക്കുന്ന ഓരോ ജീവിതങ്ങളും വിലയേറിയതാണ്.നമ്മുടെ ജീവനുള്ള കല്ലാകുന്ന യേശുക്രിസ്തു ഒരു മൂലക്കല്ലാണ്.നമ്മൾ അതുപോലെ അതിനോട് ചേർത്ത് പണിയുവാൻ അപ്പോസ്തലന്മാർ എന്ന് പറയുന്ന ഒരു കൂട്ടം,കാലാകാലങ്ങളിലെ ദൈവത്തിന്റെ ഭക്തന്മാർ അവരോട് ചേർത്ത് പണിയുവാൻ തക്കവണ്ണം ഉള്ള കല്ലുകളെ ഇന്നും ദൈവം അന്വേഷിച്ച് കൊണ്ട് ഇരിക്കുകയാണ്.വിശ്വാസത്താലുള്ള നീതീകരണം പ്രാപിച്ചിട്ട് നമുക്ക് ഇഷ്ടംപോലെ ഉള്ള ജീവിക്കുന്ന ഒരു ജീവിതമല്ല ഒരു വിശുദ്ധ കല്ലായിട്ട് തീരണം,ജീവനുള്ള കല്ലായിട്ട് തീരണം.ഒന്ന് രാജാക്കന്മാർ ആറാം അദ്ധ്യായം ഏഴാം വാക്യത്തിൽ പറയുന്നത് പോലെ വെട്ട് കുഴിയിൽ വെച്ച് തന്നെ കുറവ് തീർത്ത കല്ലുകൾ ആകണം.മനോഹരമായിട്ടുള്ള ദൈവത്തിന്റെ ആലയം,ദൈവം വസിക്കേണ്ടതായിട്ടുള്ള കൂടാരം അതിന് മനോഹരമായിട്ടുള്ള കല്ലുകൾ ആയി തീരുവാൻ,ചേർത്ത് പണിയുവാനായിട്ടുള്ള ഒരു കല്ലായി തീരുവാൻ നമ്മളെ തന്നെ ദൈവസന്നിധിയിൽ താഴ്ത്താം ദൈവസന്നിധിയിൽ സമർപ്പിക്കാം.ഈ ആത്മീയ ഗ്രഹത്തെ സൂക്ഷിക്കാം.ദൈവം സ്വർഗീയമാണ് നമുക്ക് നൽകിയിരിക്കുന്നത്.ഇത് മണ്ണാണ് എങ്കിൽ തന്നെയും അതിന്റെ പൂർണ്ണതയിൽ എത്തിയില്ല എങ്കിൽ തന്നെയും ഒന്ന് കൊരിന്ത്യർ മൂന്നാം അദ്ധ്യായം പതിനാറാം വാക്യത്തിൽ നമ്മോട് ചോദിക്കുന്നത് നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ? ഒന്ന് കൊരിന്ത്യർ ആറാം അദ്ധ്യായം പത്തൊൻപതാം വാക്യത്തിൽ ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരം ആകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്ക് ഉള്ളവർ അല്ല എന്നും അറിയുന്നില്ലയോ? നമ്മളെ വിലയ്ക്ക് വാങ്ങിച്ചിരിക്കുന്നത് ദൈവത്തെ മഹത്വപ്പെടുത്തുവാൻ ആയിട്ടാണ്.അതിന് വേണ്ടി താഴ്ത്തുക അത് വിലയേറിയതാണ്. പുരോഹിത ശുശ്രൂഷ ചെയ്യുവാനായിട്ട് ഒരുക്കപ്പെടുക.ഒരു ആത്മീക യാഗം കഴിപ്പാൻ,റോമർ പന്ത്രണ്ടാം അദ്ധ്യായം ഒന്നാം വാക്യത്തിൽ പറയുന്നതുപോലെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗം കഴിപ്പാൻ ആയിട്ട് ഒരുക്കുക.ഒരു നല്ല പുരോഹിതനായിട്ട് ഈ ശരീരത്തെ സൂക്ഷിപ്പാനായിട്ട് അന്യായമായിട്ടുള്ളത് ഒന്നും ഇതിനകത്ത് കയറാതെ അതിന്റെ പൂർണ്ണതയിൽ ആലയം എന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കി ഗൗരവമായിട്ട് സൂക്ഷിക്കുക.ദൈവം പ്രസാദിക്കും.നിത്യത മുൻപിൽ കാണുക.എബ്രായർ പന്ത്രണ്ടാം അദ്ധ്യായം ഒന്നാം വാക്യത്തിൽ പറയുന്നു നമ്മുടെ മുൻപിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക.അങ്ങും ഇങ്ങും നോക്കരുത്.ലക്ഷ്യത്തിലേക്ക് മുന്നേറുക.പ്രാപിച്ച് എടുക്കുക.കാരണം കർത്താവ് നമ്മോട് കൂടെ ഉണ്ട്.റോമർ എട്ടാം അദ്ധ്യായം മുപ്പത്തി ഒന്നാം വാക്യത്തിൽ ദൈവം നമുക്ക് അനുകൂലം എങ്കിൽ പ്രതികൂലം ആർ? നമ്മെ നോക്കി കൊണ്ട് ഇരിക്കുകയാണ്. നമ്മുടെ ഓരോ ചലനവും നോക്കി കൊണ്ട് ഇരിക്കുകയാണ്.ഇന്ന് നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ ആത്മാവ് സംസാരിക്കുന്നു എങ്കിൽ ദൈവം നിങ്ങളെ സ്നേഹിക്കുന്നു.നിങ്ങളെ ഇതിന്റെ പൂർണ്ണതയിൽ കൊണ്ട് വരുവാൻ ദൈവം ആഗ്രഹിക്കുന്നു.കർത്താവിന്റെ കരം നിങ്ങളോട് കൂടെ ഉണ്ട്.കൈവിടുകയില്ല ഉപേക്ഷിക്കുകയുമില്ല പഠിപ്പിച്ച് എടുക്കും.താഴ്ത്തുക സമർപ്പിക്കുക ദൈവമായ കർത്താവ് ഈ വചനങ്ങളാൽ നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ആമേൻ.


For Technical Assistance
Amen TV Network
Trivandrum,Kerala
MOb : 999 59 75 980
755 99 75 980
Youtube : amentvnetwork

Contact
Pastor.Benny
Thodupuzha
MOb: 9447 82 83 83